# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ക്ലാപ്പന ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P8/ 1856 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 16/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ക്ലാപ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P8/ 1856 /2023 തീയ്യതി: 16/11/2023

## കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-11-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽകുമാർ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ്.എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ശ്രീജ എസ്. , അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺജിത്ത് ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രാജശ്രീ സി.ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി മിനിമോൾ ഒ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി താര ആർ. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.രജിത | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.ടൈറ്റസ്.പി | അസി.സെക്രട്ടറി | 01-04-2022 | 30-10-2022 |
| ശ്രീമതി .ഹസിതാ | അസി.സെക്രട്ടറി | 30-10-2022 | 31-03-2023 |
| ശ്രീമതി.അജ്മി | കൃഷിഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സംഗീത | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ജ്യോതി ലക്ഷ്മി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2022 | 31-03-2023 |
| ഡോ.ശ്രീന.എസ്.നായർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോാ.ജയലത.പി.ആർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദ) | 01-04-2022 | 19-06-2022 |
| ഡോ.മീര.ആർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദ | 20-06-2022 | 31-03-2023 |
| ശ്രീമതി.ധന്യ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രശ്മി രവീന്ദ്രൻ | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സനൂജ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രേംകുമാർ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി .വിജിത.കെ.സേനൻ | അക്രഡിറ്റഡ് എഞ്ചിനീയർ.എം.ജി.എൻ.ആർ.ജി.എസ് | 01-04-2022 | 31-03-2023 |
| ശ്രീ. ബിജിൻ ബാബു | ഓവർസിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2022 | 31-03-2023 |
| ശ്രീ. ബിനു | ഓവർസിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2022 | 31-03-2023 |
| ശ്രീമതി മഞ്ജു എസ്. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-07-2022 |
| ശ്രീമതി താര ജെ.ജെ. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-08-2022 | 06-01-2023 |
| ശ്രീ. ദിലീപ് കുമാർ വി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 07-01-2023 | 31-03-2023 |
| ശ്രീമതി ബിന്ദു | അസി. എഞ്ചിനീയർ | 01-04-2022 | 18-11-2022 |
| ശ്രീ. ജയകുമാർ | അസി. എഞ്ചിനീയർ | 19-11-2022 | 02-01-2023 |
| ശ്രീമതി നീതു | അസി. എഞ്ചിനീയർ | 03-01-2023 | 16-01-2023 |
| ശ്രീ. ജയകുമാർ | അസി. എഞ്ചിനീയർ | 17-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രികയിൽ "ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് ക്രഡിറ്റഡ് ബൈ ബാങ്ക് " ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല. | 1-1-3 |
| 5 | പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയില്ല. | 1-1-4 |
| 6 | വിവിധ ഫണ്ടുകളുടെ ബാധ്യത തുകകൾ B 4 ഷെഡ്യൂളിൽ ഉൾപ്പെടുന്നില്ല. | 1-1-5 |
| 7 | ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ വെബ് സാംഖ്യ എ.സി.ആർ ൽ നിന്നും ഒഴിവാക്കിയില്ല. | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-8 |
| 10 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-9 |
| 11 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തുന്നിലൽ. | 1-1-10 |
| 12 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | പദ്ധതിച്ചെലവ് സുലേഖ സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-9 |

| | | |
|---|---|---|
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു. | 1-11 |
| 24 | റേഷൻ കടകൾ ലൈസൻസ് എടുക്കുന്നില്ല. | 1-12 |
| 25 | തൊഴിൽ നികുതി അടവാക്കുന്നില്ല. | 1-13 |
| 26 | കന്നുകുട്ടി പരിപാലനം പദ്ധതി - 3,29,651/-രൂപയുടെ വിനിയോഗവിവരം ലഭ്യമായില്ല. | 1-14 |
| 27 | തെരുവുവിളക്കുകളുടെ പരിപാലനം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-15 |
| 28 | ചെക്ക് ഡാം നിർമ്മാണവും മെയിന്റനൻസും - പദ്ധതി പൂർത്തിയായില്ല. സ്ഥാപനവുമായി കരാർ വെച്ചില്ല. | 1-16 |
| 29 | ഞങ്ങളും കൃഷിയിലേക്ക് - സമഗ്ര നെൽകൃഷി വികസനം - നിർവ്വഹണത്തിലെ അപാകതകൾ | 1-17 |
| 30 | കുടുംബാരോഗ്യകേന്ദ്രത്തിന് വാങ്ങിയ സ്ഥലം നാളിതുവരെ ആസ്തി രജിസ്റ്ററിൽ ചേർത്തില്ല. | 1-18 |
| 31 | ഇ-പേയ്മെന്റ് അക്കൗണ്ടിൽ തുകകൾ ക്രഡിറ്റ് ആകുന്നില്ല. | 1-19 |
| 32 | ഹോമിയോ ആശുപത്രിക്കായി ആവശ്യപ്പെട്ട മരുന്നുകൾ ലഭിച്ചില്ല. | 1-20 |
| 33 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - വീടുകൾ പൂർത്തീകരിച്ചില്ല. | 1-21 |
| 34 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയില്ല. | 1-22 |
| 35 | പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമായില്ല. | 1-23 |
| 36 | ഹരിത കർമ്മസേന - പ്രവർത്തനാവലോകനം | 1-24 |
| 37 | M G N R E G S - മസ്റ്റർ റോൾ ജനറേറ്റ് ചെയ്ത് ഭാഗികമായി അവിദഗ്ധവേതനം നല്കിയശേഷം അർഹതയില്ലെന്ന് കണ്ടെത്തി. ബാക്കി തുക നല്കിയില്ല. | 1-25 |
| 38 | വ്യക്തിഗത ആസ്തി നിർമ്മാണ പ്രവൃത്തികളുടെയും, പൊതു പ്രവൃത്തികളുടേയും നിർവ്വഹണത്തിൽ ഗുരുതര അപാകതകൾ | 1-26 |
| 39 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പൊതു അപാകതകൾ | 1-27 |
| 40 | 2022-23 ൽ ഫൈനൽ ബിൽ എഴുതിയ പ്രവൃത്തി തിരുത്തി പാർട്ട് ബിൽ ആക്കി 2023-24 ൽ മസ്റ്റർ റോൾ എഴുതി. | 1-28 |
| 41 | ഒരു ഗുണഭോക്താവിന് രണ്ടു പ്രോജക്ടുകളിലായി രണ്ടു തവണ ധനസഹായം നൽകി. | 1-29 |
| 42 | ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ചില്ല. | 1-30 |
| 43 | പാലിയേറ്റീവ് കെയർ പ്രോജക്ട് - തുക അധികം നൽകി. | 1-31 |
| 44 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 1-32 |
| 45 | തനതു വിഭവ സമാഹരണം - അവലോകനം | 1-33 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഒരു ഗുണഭോക്താവിന് രണ്ടു പ്രോജക്ടുകളിലായി രണ്ടു തവണ ധനസഹായം നൽകി. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 06-07-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 10-7-23 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട്ടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോട്ടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവ്യത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = ₹92,15,389/-

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40 A - 40 B) = ₹3,25,459/-

1-1-3 ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രികയിൽ "ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് ക്രഡിറ്റഡ് ബൈ ബാങ്ക് " ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ 31.03.23 ലെ പൊരുത്തപ്പെടുത്തൽ പത്രികയിൽ " ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് ക്രഡിറ്റഡ് ബൈ ബാങ്ക് " എന്ന് രേഖപ്പെടുത്തിയിട്ടുള്ള തുക ₹26,140/- ക്രമീകരിച്ചിട്ടില്ല. (ഖ. 1-19 കാണുക)

1-1-4 പ്രതിമാസ ബാങ്ക് റീകൺസിലീയേഷൻ പത്രിക തയ്യാറാക്കിയില്ല.

(I) ദുരിതാശ്വാസ നിധിക്കായി ' ഡി സി ബി വള്ളിക്കാവ് ' എന്ന് രേഖപ്പെടുത്തിയ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള അക്കൗണ്ടിന്റെ ബാങ്ക് പാസ്സ് ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(Ii) എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ടിലെ 31.03.23 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് പാസ്സ് ബുക്ക് ബാലൻസായി കാണിച്ചിട്ടുള്ള തുകയും യഥാർത്ഥ പാസ് ബുക്ക് ബാലൻസും പൊരുത്തപ്പെടുന്നില്ല.

| റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.23 ലെ ബാങ്ക് ബാലൻസ് ₹ | ബാങ്ക് പാസ്സ് ബുക്കിലെ 31.03.23 ലെ ബാലൻസ് ₹ |
|---|---|
| 30,03,379.60/- | 26,10,504.60/- |

(Iii) എസ്.ബി.ഐ ഹഡ്കോ അക്കൗണ്ടിലെ 31.03.23 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് ബാലൻസായി കാണിച്ചിട്ടുള്ള തുകയും ധനകാര്യപത്രിക 40 (B) ലെ ബന്ധപ്പെട്ട ഹെഡിന്റെ ബാലൻസും പൊരുത്തപ്പെടുന്നില്ല.

| റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.23 ലെ ബാങ്ക് ബുക്ക് ബാലൻസ് ₹ | 40 (B) ലെ ബന്ധപ്പെട്ട ഹെഡിന്റെ ബാലൻസ് ₹ |
|---|---|
| 73,19,213/- | 70,23,492/- |

(Iv) എസ്.സി.ബി ക്ലാപ്പന ശാഖയിലെ (A/c No.7233) തനത് ഫണ്ട് അക്കൗണ്ടിന്റെ 31.03.23 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ " ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് ക്രഡിറ്റഡ് ബൈ ബാങ്ക് " എന്ന ഹെഡിൽ കാണിച്ചിട്ടുള്ള ₹2,64,050/- ന്റെ അക്കൗണ്ടിംഗ് അഡ്ജസ്റ്റ്മെന്റുകളുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(V) ധനകാര്യ പത്രികയിലെ മറ്റ് അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-5 വിവിധ ഫണ്ടുകളുടെ ബാധ്യത തുകകൾ B 4 ഷെഡ്യൂളിൽ ഉൾപ്പെടുന്നില്ല.

സാക്ഷരത, SAGY, ബേബി ഫ്രണ്ട്-ലി ടോയിലെറ്റ് തുടങ്ങിയ പ്രത്യേകാവശ്യ ഫണ്ടുകൾക്കായുള്ള ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയ അക്കൗണ്ടുകളായി തുടരുന്നതിനാൽ ക്ലോസ് ചെയ്തിരുന്നു. എന്നാൽ പ്രസ്തുത അക്കൗണ്ടുകളിലെ ബാധ്യത തുകകൾ ബി4 ഷെഡ്യൂളിലെ ബന്ധപ്പെട്ട ഹെഡുകളിൽ ബാധ്യതയായി നിലനിർത്തുന്നതിന് പകരം ചെലവായി കാണിച്ചിരിക്കുന്നു.

1-1-6 ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ വെബ് സാംഖ്യ എ.സി.ആർ ൽ നിന്നും ഒഴിവാക്കിയില്ല.

ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ വെബ് സാംഖ്യ എ.സി.ആർ ൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളും എ.സി.ആർ കണക്കുകളും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നു. സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവും എ.സി.ആർ ചെലവും പൊരുത്തപ്പെടുന്നില്ല.

| ക്രമ | ഫണ്ട് ഇനം | എ.സി.ആർ പ്രകാരം ചെലവ് (സോഴ്സ് | സുലേഖ സ്റ്റേറ്റ്മെന്റ് |
|---|---|---|---|

| നം. | | ഡിഡക്ഷൻ തുക കൂടി പരിഗണിച്ച്) ₹ | പ്രകാരം ചെലവ് ₹ |
|---|---|---|---|
| 1 | വികസന ഫണ്ട് ജന. | 1,64,31,000/- | 1,63,82,984/- |
| 3 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 52,53,221/- | 52,48,715/- |

1-1-7 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

(I) വസ്തുനികുതി വരവ്, കുടിശ്ശിക വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നതിന് നടത്തിയ ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

(Ii) വിവിധ നിക്ഷേപ പ്രവൃത്തികൾക്ക് അനുവദിച്ച അഡ്വാൻസ് തുകകളുടെ വിവരം രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി, ധനകാര്യപത്രികയിലെ ബന്ധപ്പെട്ട ഹെഡുകളുമായി പൊരുത്തപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-1-8 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. വസ്തു നികുതി അക്രൂവൽ എൻട്രി യഥാസമയം രേഖപ്പെടുത്തുന്നില്ല.

1-1-9 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

വിവിധ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-1-10 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല.

ലഡ്ജർ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

(I) താഴെ പറയുന്ന ഫണ്ടുകളുടെ വരവിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ലോൺ രജിസ്റ്റർ പ്രകാരമുള്ള കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കിയതു പ്രകാരമുള്ള വരവ് ₹ | എ എഫ് എസ് പ്രകാരമുള്ള വരവ് ₹ |
|---|---|---|
| ലൈഫ് ലോൺ വരവ് | 1,11,40,000/- | 1,09,20,000/- |

(Ii) പ്രോജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ ധനകാര്യ പത്രിക B 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് നം.13/23 പ്രകാരം ₹30,00,000/- മൈനർ ഇറിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തു. ചെലവ് ബന്ധപ്പെട്ട ഹെഡിൽ ഉൾപ്പെട്ടില്ല.

1-1-11 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

(I) ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചില്ല.

(Ii) സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സ്റ്റോക്കിന്റെ മൂല്യം ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല.

1-1-12 പദ്ധതിച്ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

പ്രോജക്ട് നം.143/23 പ്രകാരം ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിന്റെ 62,888/-രൂപയുടെ ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയില്ല.

1-2 ബജറ്റ്

23.03.2022 ലെ 1/1 നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ /പരിഷ്കരിച്ച ബജറ്റ് 14.03.2023 ലെ 3/1 നം. തീരുമാന പ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,56,50,229/-രൂപ |
| വരവ് | 5,06,18,981/-രൂപ |
| ആകെ | 6,62,69,210/-രൂപ |
| ചെലവ് | 5,09,44,440/-രൂപ |
| നീക്കിയിരിപ്പ് | 1,53,24,770/-രൂപ |
| വരവ് നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 20,000/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 39,62,890/-രൂപ |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി) എന്നിവയുടെ വരവ് ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സാമ്പത്തികനിലയിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് - പൊതു. | 0 | 1,64,31,000/- | 1,64,31,000/- | 1,63,82,984/- | 48,016/- |
| വികസന ഫണ്ട്- എസ് സി പി | 0 | 44,83,000/- | 44,83,000/- | 44,83,000/- | 0 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 73,55,000/- | 73,55,000/- | 52,48,715/- | 21,06,285/- |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 0 | 58,55,000/- | 58,55,000/- | 49,82,200/- | 8,72,800/- |
| സി എഫ് സി- ടൈഡ് ട്രഷറി | 0 | 5,44,256/- | 5,44,256/- | 5,44,256/- | 0 |
| സി എഫ് സി- അൺടൈഡ് ബാങ്ക് | 6,26,922/- | 29,09,212/- ( 27,56,000 + 1,53,212 ) | 35,36,134/- | 34,21,399/- | 1,14,735/- |
| സി എഫ് സി- അൺടൈഡ് ട്രഷറി | 0 | 0 | 0 | 0 | 0 |
| സി എഫ് സി- ടൈഡ് - ബാങ്ക് | 12,29,298/- | 41,33,000/- | 53,62,298/- | 45,96,996/- | 7,65,302/- |

മറ്റ് അക്കൗണ്ടുകൾ - സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി ₹ |
|---|---|---|---|---|---|
| ശുചിത്വമിഷൻ | 47,420/- | 1,50,000/- | 1,97,420/- | 1,50,000/- | 47,420/- |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 15,00,000/- | 36,00,000/- | 51,00,000/- | 19,40,000/- | 31,60,000/- |
| ഫിഷറീസ് | 28,369/- | 0 | 28,369/- | 0 | 28,369/- |
| അവാർഡ് | 3,20,640/- | 0 | 3,20,640/- | 0 | 3,20,640 |
| സാക്ഷരത | 11,000/- | 0 | 11,000/- | 0 | 11,000/- |
| മറ്റ് ഫണ്ട് – ബഡ്സ് സ്കൂൾ | 7,95,216/- | 2,68,050/- | 10,63,266/- | 3,23,320/- | 7,39,946/- |

മറ്റ് അക്കൗണ്ടുകൾ- കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി ₹ |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് | 0 | 12,77,012/- | 12,77,012/- | 4,58,571/- (2021-22 തനത് ഫണ്ട് അഡ്വാൻസ് 1,59,100/-രൂപ അഡ്ജസ്റ്റ് ചെയ്തത് ഉൾപ്പടെ) | 8,18,441/- |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 1,589/- | 3,57,74,567/- | 3,57,76,156/- | 3,57,75,765/- | 391/- |
| സമ്പൂർണ്ണ ശുചിത്വം | 23,26,981/- | 51,551/- | 23,78,532/- | 23,67,867/- | 10,665/- |
| കോവിഡ് റിലീഫ് | 40,162/- | 1,095/- | 41,257/- | 0 | 41,257/- |
| സൻസദ് ആദർശ് യോജന | 9,480/- | 0 | 9,480/- | 0 | 9,480/- |
| ബേബി ഫ്രണ്ടിലി ടോയിലറ്റ് | 51,426/- | 0 | 51,426/- | 0 | 51,426/- |
| ഹെൽത്ത് ഗ്രാന്റ് – ഇൻഫ്രാസ്ടക്ചർ | 0 | 2,38,555/- | 2,38,555/- | 1,51,246/- | 87,309/- |
| ഹെൽത്ത് ഗ്രാന്റ് - വെൽനസ് സെന്റർ | 0 | 1,51,223/- | 1,51,223/- | 1,50,000/- | 1,223/- |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 21,961/- | 0 | 21,961/- | 0 | 21,961/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 143 | 14,25,40,189/- | 114 | 6,76,72,329/- | 0 | 29 | 79.72% |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,589/- | 13,02,284/- | 13,03,873/- | 13,03,482/- | 391/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,44,72,283/- | 3,44,72,283/- | 3,44,72,283/- | 0 |
| ആകെ | 1,589/- | 3,57,74,567/- | 3,57,76,156/- | 3,57,75,765/- | 391/- |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 25,41,000/- |
| വിധവാപെൻഷൻ | 1,04,16,700/- |
| വാർദ്ധക്യകാലപെൻഷൻ | 1,90,72,400/- |
| വികലാംഗപെൻഷൻ | 39,53,800/- |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 7,18,400/- |
| വിവാഹധനസഹായം | 1,25,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2023 4.00 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,254/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ILGMS മുഖേന സ്വീകരിച്ചുവരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ ശ്രദ്ധിക്കുന്നുണ്ട്.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല. റോഡ് കണക്റ്റിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല. കൂടാതെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് ബുക്കിൽ തീരുമാനങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നില്ല.

പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും റേഷൻകട ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ

ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനും, പര്യാപ്തമായ രീതിയിൽ ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം പ്രവർത്തിക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
2022-23 ലെ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച പരാമർശങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.01.2023 | 10/22 മുതൽ 12/22 വരെ | 07.06.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.09.2018 മുതൽ 01.10.2018 | 2013-14 - 2017-18 | 22/11/18 |

## 1-11 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു.

വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ വലിയ കുറവുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203(9) ൽ ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11 ലെ (അച്ചടി) 19/2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായും 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായും പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയ സോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നക്രമ | വാർഡ് നമ്പർ കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മി | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (ച.മിറ്ററിന് | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തുനികുതിയിൽ കുറവുണ്ടായ തുക (രൂപ) |
|---|---|---|---|---|---|---|

| | | | | 50/-രൂപ നിരക്കിൽ) | (ച.മീറ്ററിന് 60/-രൂപ നിരക്കിൽ) | |
|---|---|---|---|---|---|---|
| 1 | 14/701 | ശ്രീ. ഹാരിസ്, മംഗലത്ത്, ക്ലാപ്പന | 20.33 | 1016.5/- | 1219.8/- | 203.3/- |
| 2 | 14/702 | | 25.8 | 1290/- | 1548/- | 258/- |
| 3 | 14/703 | | 24.605 | 1230.25/- | 1476.3/- | 246.05/- |
| 4 | 14/704 | | 24.605 | 1230.25/- | 1476.3/- | 246.05/- |
| 5 | 14/705 | | 20.04 | 1002/- | 1202.4/- | 200.4/- |
| 6 | 14/705 | | 20.04 | 1002/- | 1202.4/- | 200.4/- |
| | | ആകെ | 135.42 | 6771/- | 8125.2/- | 1354.2/- |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയെ തുടർന്ന് മേൽ വ്യക്തിയുടെ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് തുക കുടിശിക സഹിതം ഒടുക്ക വരുത്തി രേഖകൾ ലഭ്യമാക്കി. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 22/30.10.23

1-12 റേഷൻ കടകൾ ലൈസൻസ് എടുക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി)നം.80/2017, എസ്.ആർ.ഒ. നം. 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം) ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമ നം 149) പ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലുള്ള 19 റേഷൻകടകളിൽ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും റേഷൻകടകളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13 തൊഴിൽ നികുതി അടവാക്കുന്നില്ല.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്. എന്നാൽ പ്രിസംപ്റ്റീവ് ടാക്സ് കൊടുക്കാൻ ബാധ്യസ്ഥരായവർ (സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ സൂപ്പർവൈസർമാർ, വാഹന ഉടമകൾ), ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്.)എ 9- 764/2019 സർക്കുലർ, പ്രകാരം റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും

ഒഴിവാക്കാൻ കഴിയുകയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 2/25.10.23

1-14 കന്നുകുട്ടി പരിപാലനം പദ്ധതി - 3,29,651/-രൂപയുടെ വിനിയോഗവിവരം ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | 79/23 - കന്നുകുട്ടി പരിപാലന പദ്ധതി |
| നടപ്പാക്കിയ വർഷം | 2022-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |
| ചെലവഴിച്ച തുക | 6,80,000/-രൂപ (വികസന ഫണ്ട്(ജനറൽ)<br>(ബിൽ നം. 2/22-23,<br>ബിൽ നം. 6/22-23 തീ 31.1.23)<br>7,500/-തനത്ഫണ്ട്<br>ചെക്ക് നം 5289968/27.1.23) |

മേൽ പ്രോജക്ട് പ്രകാരം കന്നുകുട്ടി ഒന്നിന് 12,500/-രൂപ നിരക്കിൽ (സംസ്ഥാന വിഹിതം ഉൾപ്പെടെ) 55 കന്നുകുട്ടികൾക്കായി ₹6,87,500/-രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 26.10.23 വരെ 3,57,849/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിനിയോഗിക്കാൻ അവശേഷിക്കുന്ന 3,29,651/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് 3,29,651/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം -3/30.10.23
തടസ്സപ്പെടുത്തിയ തുക – 3,29,651/-രൂപ

1-15 തെരുവുവിളക്കുകളുടെ പരിപാലനം പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | തെരുവ് വിളക്ക് പരിപാലനം |
| അടങ്കൽ തുക | 5,00,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവഴിച്ച തുക | 4,85,879/-രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്നും സാധനങ്ങൾ വാങ്ങിയ ഇനത്തിലും അറ്റകുറ്റപ്പണിക്കായി കരാറുകാരന് നൽകിയ വേതനമിനത്തിലും 4,85,879/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച 15.09.2011 ലെ 3055/ഡിഎ3/2011/തസ്വഭവ ഉത്തരവ് പ്രകാരം തെരുവ് വിളക്ക് മെയിന്റനൻസിന് ടെണ്ടർ വിളിക്കുന്നതിന് മുൻപ് കെ.എസ്.ഇ.ബി.യും സ്ഥാപനവും സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ബോധ്യപ്പെടേണ്ടതും ആയതിന്റെ വിവരം ടെണ്ടർ രേഖകളിൽ വ്യക്തമായി പരാമർശിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം സംയുക്ത പരിശോധന നടത്തുകയോ പോസ്റ്റുകളുടെ എണ്ണത്തെക്കുറിച്ച് ആധികാരിക കണക്കുകൾ തയ്യാറാക്കുകയോ ചെയ്യാതെയാണ് ഓരോ തവണയും ടെണ്ടർ വിളിക്കുകയും കരാർ വയ്ക്കുകയും ചെയ്യുന്നത്. വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രത്തെ ആധാരമാക്കി മാത്രമാണ് നിലവിൽ തുക നൽകുന്നത്. ആയത് ഉദ്യോഗസ്ഥ തലത്തിൽ പരിശോധിക്കപ്പെടുന്നില്ല.

2) പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

തെരുവ് വിളക്കുകളുടെ പരിപാലനം (റിപ്പയറും മെയിന്റനൻസും) സംബന്ധിച്ച 15.09.2011 ലെ 3055/ഡിഎ3

/2011/തസ്വഭവ ഉത്തരവ് പ്രകാരം തെരുവ് വിളക്കുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ഒരു പരാതി രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇത് പ്രകാരമുള്ള രജിസ്റ്ററുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ കെ.എസ്.ഇ.ബി.യുടെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. കരാറുകാരൻ എല്ലാ ദിവസവും പരാതി രജിസ്റ്റർ പരിശോധിച്ച് നടപടി സ്വീകരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

3) തെരുവ് വിളക്ക് മെയിന്റനൻസിന്റെ വാർഡ് തിരിച്ചുള്ള വിശദാംശങ്ങളിൽ നോഡൽ ഓഫീസറുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

4) കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഈ രജിസ്റ്ററുകൾ റിക്കൺസിൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.

5) സ്റ്റോക്ക് രജിസ്റ്ററിൽ, വാങ്ങിയ സാധനങ്ങൾ വാർഡ് മെമ്പർമാർക്ക് ആണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/23/30.10.23) മറുപടിയായി അറിയിച്ചു. സർക്കാർ ഉത്തരവ് പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ചെക്ക് ഡാം നിർമ്മാണവും മെയിന്റനൻസും - പദ്ധതി പൂർത്തിയായില്ല. സ്ഥാപനവുമായി കരാർ വെച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | ചെക്ക് ഡാം നിർമ്മാണവും മെയിന്റനൻസ് നടത്തുക |
| അടങ്കൽ തുക | 30,00,200/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 30,00,000/-രൂപ (XVFC/22/23/P/32-10.1.23<br>XVFC/22/23/P/30-20.12.22) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി കായലിൽ നിന്ന് ഉപ്പ് വെള്ളംകയറി കൃഷിസ്ഥലങ്ങൾ നശിക്കാതിരിക്കുവാൻ 2, 7, 12, 13, 15 വാർഡുകളിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനും മെയിന്റനൻസ് നടത്തുന്നതിനുമായി മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 30 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, കൊല്ലത്തിന്റെ എസ്.ബി.ഐ.അക്കൗണ്ടിലേക്കാണ് (37794500200) തുക ട്രാൻസ്ഫർ ചെയ്തത്. എന്നാൽ ഈ സ്ഥാപനവുമായി നിയമാനുസൃത കരാർ വെച്ചിട്ടില്ല. 19.04.2022 ലെ സ.ഉ.(കൈ) നം84/2022 /തസ്വഭവയിലെ ഖണ്ഡിക 12.2 (ഡി)-ൽ പ്രത്യേക ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് വർക്ക് ആയി നടപ്പിലാക്കുന്നതിന് അനുവാദം കിട്ടിയ പ്രവൃത്തികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നല്കാവൂ എന്നു നിഷ്കർഷിച്ചിട്ടുണ്ട്. ഇടവിട്ട് പെയ്യുന്ന മഴ നിർമ്മാണ പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്നതിനാൽ ആണ് പ്രവൃത്തി പൂർത്തീകരിക്കുവാൻ തടസ്സം എന്ന് എൻക്വയറി (നം. 16/23) ക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 12.2 (ഡി) (iv) - പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ വേണ്ട തുടർപ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 30,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. – 16/23

തടസ്സപ്പെടുത്തിയ തുക – 30,00,000/- രൂപ

## 1-17 ഞങ്ങളും കൃഷിയിലേക്ക് - സമഗ്ര നെൽകൃഷി വികസനം - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | 74/23 ഞങ്ങളും കൃഷിയിലേക്ക് - സമഗ്ര നെൽകൃഷി വികസനം |

| | |
|---|---|
| അടങ്കൽ തുക | 2,04,000/-രൂപ (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 2,04,000/-രൂപ (2/20.10.22, 3/31.10.22) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം പുരയിടങ്ങളിൽ ഏക വിളയായും ഇടവിളയായും നെൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് പരമാവധി 10,000/-രൂപ സബ്സിഡി നൽകിയിട്ടുണ്ട്. 48,000/-രൂപയുടെ (BRN 4651295/15.10.22) നെൽവിത്ത് സ്റ്റേറ്റ് സീഡ് ഫാമിൽ നിന്നും വാങ്ങി കൃഷി ഓഫീസ് മുഖേന വിതരണം ചെയ്യുകയും 53 ഗുണഭോക്താക്കൾക്ക് പൂട്ടുകൂലിയിനത്തിൽ 1,56,000/-രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ പൂട്ടുകൂലിയ്ക്കായി ചെലവഴിച്ച തുകയുടെ വൗച്ചർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വാല്യേഷൻ റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമല്ല. ആയതിനാൽ ഈയിനത്തിൽ ചെലവ് ചെയ്ത 1,56,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 9/23 തീ 27.10.2023
തടസ്സപ്പെടുത്തിയ തുക – 1,56,000/-രൂപ

## 1-18 കുടുംബാരോഗ്യകേന്ദ്രത്തിന് വാങ്ങിയ സ്ഥലം നാളിതുവരെ ആസ്തി രജിസ്റ്ററിൽ ചേർത്തില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | 67/23 - കുടുംബാരോഗ്യകേന്ദ്രത്തിന് ഭൂമി വാങ്ങൽ |
| നടപ്പാക്കിയ വർഷം | 2022-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | 95,92,395/-രൂപ<br>(35,72,177/-വികസനഫണ്ട്, 5,20,218/-(തനത്ഫണ്ട്),<br>ബ്ലോക്ക് വിഹിതം – 25,00,000/-രൂപ<br>ജില്ലാ പഞ്ചായത്ത് – 30,00,000/-രൂപ) |
| ചെലവഴിച്ച തുക | 95,57,100/-രൂപ<br>(വികസന ഫണ്ട് (ജനറൽ)- 35,72,177/-രൂപ<br>തനത്ഫണ്ട് - 4,84,923/-രൂപ<br>ബ്ലോക്ക് വിഹിതം – 25,00,000/-രൂപ<br>ജില്ലാ പഞ്ചായത്ത് – 30,00,000/-രൂപ<br>ചെക്ക് നം 5289968/27.1.23)) |

നിലവിൽ കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കുടുംബാരോഗ്യകേന്ദ്രം ക്ലാപ്പന ഗ്രാമപഞ്ചായത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ക്ലാപ്പന വില്ലേജ് ബ്ലോക്ക് നം 2 തണ്ടപ്പേർ നം. 26329, 287/12 റീസർവ്വേ നമ്പരിൽ ഉൾപ്പെട്ട 18 ആർ 50 സ്ക്വ.മീ പുരയിടം 15.2.23 ൽ കുടുംബാരോഗ്യകേന്ദ്രത്തിനായി വാങ്ങിയിട്ടുണ്ട്. സ്ഥലം സെക്രട്ടറിയുടെ പേരിൽ പോക്ക് വരവ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. 28.2.23 ലെ 37(1)-ാം നം തീരുമാനപ്രകാരം സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്ന് ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (23/30.10.23) മറുപടിയായി അറിയിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഇ-പേയ്മെന്റ് അക്കൗണ്ടിൽ തുകകൾ ക്രഡിറ്റ് ആകുന്നില്ല.

എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ ( A/c No.37021962857 ) 31.03.23 ലെ പൊരുത്തപ്പെടുത്തൽ പത്രികയിൽ "ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് ക്രഡിറ്റഡ് ബൈ ബാങ്ക് " എന്ന് രേഖപ്പെടുത്തിയിട്ടുള്ള തുക ₹26,140/- ക്രമീകരിച്ചിട്ടില്ല. പൊരുത്തപ്പെടുത്തൽ പത്രികയുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഈ

ഹെഡിൽ കാണിച്ചിട്ടുള്ള തുകയിൽ 01.11.21 മുതലുള്ള തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ലായെന്ന് കാണുന്നു. 2022 ഏപ്രിൽ മുതലുള്ള പൊരുത്തപ്പെടുത്തൽ പത്രികയിൽ ഈ ഇനത്തിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഓരോ മാസവും ₹25,000/-യ്ക്ക് മുകളിലുള്ള തുകകൾ ഇത്തരത്തിൽ കാണിച്ചുവരുന്നു.

വരവ് ഇനത്തിലെ തുകകൾ ക്രഡിറ്റ് ആകാത്തതിനുള്ള കാരണം വിശദീകരിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം.20/30.10.23) ജനന, മരണ രജിസ്ട്രേഷൻ സംബന്ധിച്ച തുകകൾ യഥാസമയം ക്രഡിറ്റ് ആകുന്നതിനനുസൃതമായി മാത്രമേ പ്രസ്തുത തുകകൾ ക്രഡിറ്റ് കാണിക്കുന്നതിന് സാധിക്കുകയുള്ളുവെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദാംശം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-20 ഹോമിയോ ആശുപത്രിക്കായി ആവശ്യപ്പെട്ട മരുന്നുകൾ ലഭിച്ചില്ല.

ഹോമിയോ ഡിസ്പെൻസറിയിലേക്കും എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിയിലേക്കും ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥയായി പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക പിൻവലിച്ച് ഹോംകോ എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം / പേര് | മരുന്ന് വാങ്ങുന്നതിന് നൽകിയ തുക, ഫണ്ട് ഇനം, തുക കൈപ്പറ്റിയ സ്ഥാപനം | ട്രഷറി ബിൽ നം. | ലഭിക്കാനുള്ള മരുന്നിന്റെ വില ₹ |
|---|---|---|---|---|
| 1 | 25/23 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ | ₹2,00,000/- (മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം), ഹോംകോ പാതിരപ്പള്ളി | 02/22-23 21.12.22 | 1,03,778/- |
| 2 | 26/23 എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ | ₹2,00,000/- ( മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം), ഹോംകോ പാതിരപ്പള്ളി | 05/22-23 07.02.23 | 89,549/- |

മേൽ സ്ഥാപനം നൽകിയ ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പട്ടികയിൽ പറഞ്ഞപ്രകാരം വിലവരുന്ന മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ലായെന്ന് കാണുന്നു. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.19/30.10.23) ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹1,93,327/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തുടർ നടപടികൾ സ്വീകരിച്ച് മരുന്നുകൾ ലഭ്യമാക്കി, സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 19/30.10.23
തടസ്സപ്പെടുത്തിയ തുക – 1,93,327/-രൂപ

1-21 ലൈഫ് ഭവന നിർമ്മാണ പദ്ധതി - വീടുകൾ പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിരുന്ന ഗുണഭോക്താക്കളിൽ നാല് പേർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. ഒരു വീട് പൂർത്തീകരിക്കുന്നതിനായി ഒരു ഗുണഭോക്താവിന് നാല് ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

2020-21, 2021-22 വർഷങ്ങളിൽ കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

പൊതുവിഭാഗം

| ക്രമ | ഗുണഭോക്താവിന്റെ പേര് | കരാർ | ആദ്യ ഗഡു | അനുവദിച്ച | ബാക്കി തുക |
|---|---|---|---|---|---|

| നം | ശ്രീ /ശ്രീമതി | തീയതി | അനുവദിച്ച തീയതി | തുക ₹ | ₹ |
|---|---|---|---|---|---|
| 1 | ആരിഫ ബീവി, തലച്ചിറ കോളനി, വാർഡ് 10 | 18.09.20 | 04.02.21 | 40,000/- | 3,60,000/- |
| 2 | ദീപ, കാക്കനാട്ടുശ്ശേരി, വാർഡ് 10 | 10.10.20 | 07.01.21 | 40,000/- | 3,60,000/- |

എസ് സി പി

| ക്രമ നം | ഗുണഭോക്താവിന്റെ പേര് ശ്രീ/ശ്രീമതി | കരാർ തീയതി | ആദ്യ ഗഡു അനുവദിച്ച തീയതി | അനുവദിച്ച തുക ₹ | ബാക്കി തുക ₹ |
|---|---|---|---|---|---|
| 1 | രാജൻ, വാഴപ്പള്ളിൽ കിഴക്കതിൽ, വാർഡ് 11 | 01.02.22 | 10.02.22 | 40,000/- | 3,60,000/- |
| 2 | കമലമ്മ, മഹേഷ് ഭവനം, വാർഡ് 9 | 04.12.21 | 16.03.22 | 40,000/- | 3,60,000/- |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ടുകൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്.

1-22 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂൾ എന്നിവ പരിശോധിച്ചതിൽ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾക്കനുസൃതമായ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നില്ല. അഡ്ജസ്റ്റ് ചെയ്തിട്ടില്ലാത്ത തുകകളുടെ വിവരം ഹെഡ് വൈസായി താഴെ ചേർക്കുന്നു.

| ക്രമ നം. | ധനകാര്യ പത്രികയിലെ ഹെഡ്കോഡ് | പ്രോജക്ട് | വൗച്ചർ നം., തീയതി | തുക ₹ | 01.04.22 വരെ അഡ്ജസ്റ്റ് ചെയ്യാനുള്ള തുക ₹ |
|---|---|---|---|---|---|
| 1 | 460500201 | 125/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22001227, 21.01.21<br>22001228, 11.02.21 | 1,50,000/-<br>5,000/- | 1,55,000/- |

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം. 20/30.10.23 ) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ഫണ്ട് ഇനം, എസ്റ്റിമേറ്റ് തുക, കരാർ, പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ സഹിതം ലഭ്യമാക്കേണ്ടതാണ്. പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതും ദീർഘകാലമായി തുകകൾ നിഷ്ക്രിയ ആസ്തിയായി മേൽ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതിന്റെ കാരണം വിശദീകരിക്കേണ്ടതുമാണ്. നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ തുകകൾ തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1-23 പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമായില്ല.

| പ്രോജക്ട് നം | അടങ്കൽ തുക(രൂപ) | ചെലവ് (രൂപ) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 7/23 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ | 16,42,872/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 16,42,872/- | സെക്രട്ടറി |

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനായി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 14.7.22 ലെ DB2/2091/DW/CLA/PHDNK/22 കത്ത് പ്രകാരം ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 3,96,000/-രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട് (ബിൽ നം. 45/27.7.22). വാട്ടർ അതോറിറ്റി 24.2.23 ൽ ലഭ്യമാക്കിയ PHDNK/E6/144/23 നം. ധനവിനിയോഗ സാക്ഷ്യപത്രത്തിൽ 3,73,152/-രൂപ വിനിയോഗിച്ചതായും 22,848/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായും കാണിക്കുന്നുണ്ട്. ജൽജീവൻ മിഷൻ മുഖേന എല്ലാ കുടുംബങ്ങളിലും വാട്ടർ കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് അവശേഷിക്കുന്ന 42 പൊതുടാപ്പുകൾ കൂടി വിച്ഛേദിക്കുന്നതിനായി ടി തുക കൂടി ഉപയോഗിക്കാം എന്നതിനാലാണ് തുക തിരികെ ആവശ്യപ്പെടാത്തത് എന്ന് ഓഡിറ്റ് എൻക്വയറി(നം.23/30.10.23)ക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച് വാട്ടർ അതോറിറ്റിക്ക് രേഖാമൂലം കത്ത് നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. തുക തിരികെ ഈടാക്കുന്നതിനോ വിനിയോഗിക്കുന്നതിനോ ഉള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന 22,848/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം – 23/30.10.23
തടസ്സപ്പെടുത്തുന്ന തുക - 22,848/-രൂപ

1-24 ഹരിത കർമ്മസേന - പ്രവർത്തനാവലോകനം

15 വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിക്കുന്നതിനായി 30 ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഹരിത കർമ്മ സേനയുടെ പ്രവർത്തന പരിധിയിൽ 6164 വീടുകളും 337 കടകളും ഉണ്ടെന്നുള്ള കണക്കുകളാണ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ളത്.

മാസത്തിൽ ഒരു വീട്ടിൽ ഒരു ദിവസം പ്ലാസ്റ്റിക് ശേഖരണത്തിനായി എത്തുന്നുണ്ട്. ഒരു മാസം ശരാശരി എട്ടുദിവസങ്ങൾ ശേഖരണത്തിനും ഏഴ ദിവസങ്ങൾ തരം തിരിക്കലിനുമായി ചെലവഴിക്കുന്നുണ്ട്.

ശേഖരിക്കുന്ന പ്ലാസ്റ്റിക് തരം തിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കരാർ പ്രകാരമുള്ള നിരക്കിന് നല്കി വരുന്നു. ഒരു മാസം ശരാശരി ആയിരത്തി അഞ്ഞൂറ് കി ഗ്രാം പ്ലാസ്റ്റിക് ഇത്തരത്തിൽ കടത്തി വിടുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് നിലവിൽ ഒരു എം സി എഫ് പ്രവർത്തിക്കുന്നുണ്ട്. വഴി സൗകര്യം കുറവായതിനാൽ നിലവിൽ എം സി എഫ് ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നില്ല. എല്ലാ വാർഡുകളിലേയും പ്ലാസ്റ്റിക് എം സി എഫ്-ൽ എത്തിച്ച് തരം തിരിക്കൽ നടക്കുന്നില്ല.

ശേഖരിക്കുന്ന പ്ലാസ്റ്റിക് എം സി എഫ്, മിനി എം സി എഫ് എന്നിവിടങ്ങളിൽ എത്തിക്കുന്നതിന് വാഹനമോ ട്രോളിയോ ലഭ്യമാക്കിയിട്ടില്ല.

വാർഡുകളിൽ നിന്നുമുള്ള പ്ലാസ്റ്റിക് നിറച്ച ചാക്കുകൾ എം സി എഫ്-കളിൽ എത്തിക്കുന്നതിനായി വാഹനം വാങ്ങുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കി വരുന്നതായി അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളേയും വീടുകളേയും പ്രസ്തുത പ്രോജക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി ബോധവത്കരണം, ക്യാമ്പയിനുകൾ, ഭവന സന്ദർശനം, ലഘുലേഖകളുടെ വിതരണം എന്നിവ സംഘടിപ്പിച്ചു വരുന്നതിന്റെ വിവരങ്ങൾ നിർവ്വഹണോദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചു.

ഗ്രാമപഞ്ചായത്തിൽ ഹരിത സഹായ സ്ഥാപനത്തിന്റെ സേവനം ഏർപ്പെടുത്തിയിട്ടില്ല. നിലവിൽ വി ഇ ഒ യുടെ മേൽ നോട്ടത്തിലാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനം തുടരുന്നത്.

എം സി എഫ്-കളിൽ ഫയർ എക്സ്റ്റിൻഗ്വിഷറുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നിലവിലെ എം സി എഫ്-കൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ഫയർ & റെസ്ക്യൂ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്നത് വലിയ പരിമിതിയാണ്.

ഒരു ഹരിത കർമ്മ സേനാംഗത്തിന് ഒരുമാസം എണ്ണായിരത്തി അഞ്ഞൂറ് രൂപവരെ ശരാശരി വരുമാനം ലഭിക്കുന്നുണ്ട്. കളക്ഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാകുമ്പോൾ വരുമാന വർദ്ധനവ് ഉറപ്പുവരുത്താവുന്നതാണ്.
മാലിന്യ മുക്ത ഗ്രാമം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കൂടുതൽ ക്രിയാത്മകമായ ഇടപെടലുകളും പൊതുജനത്തിന്റെയിടയിൽ അവബോധവും സൃഷ്ടിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതിന്റെ ആവശ്യം നിലനില്ക്കുന്നു.

1-25 M G N R E G S - മസ്റ്റർ റോൾ ജനറേറ്റ് ചെയ്ത് ഭാഗികമായി അവിദഗ്ധവേതനം നല്കിയശേഷം അർഹതയില്ലെന്ന് കണ്ടെത്തി. ബാക്കി തുക നല്കിയില്ല.

ആട്ടിൻകൂട് നിർമ്മാണം (822513 IF)
നസീമ, തച്ചൻകാട്ടിൽ തെക്കതിൽ (വാർഡ് 8)
എം.ബുക്ക് നമ്പർ 115/22-23
ഗുണഭോക്താവ് 23.12.2020 ന് അപേക്ഷ നല്കുകയും 06.02.2021 ൽ വി.ഇ.ഒ അർഹത നിർണ്ണയിച്ച് നല്കുകയും ചെയ്തു. പ്രസ്തുത പ്രോജക്ടിന് 2022-23 ൽ എസ്റ്റിമേറ്റ് എടുക്കുകയും (എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല) 27.09.2022 ൽ സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു.

പ്രവൃത്തിക്കായി മസ്റ്റർ റോൾ ക്രിയേറ്റ് ചെയ്ത് (മസ്റ്റർ റോൾ നം. 17411,19433&19435) 6,220/-രൂപ ഭാഗികമായി അവിദഗ്ധവേതനമിനത്തിൽ നൽകിയിട്ടുണ്ട്. പ്രവൃത്തിയുമായി ബന്ധപ്പെട്ട അളവ് പുസ്തകത്തിൽ ഓവർസിയർ ശ്രീ. ബിബിൻ ബാബു, അവിദഗ്ധവേതനം, വിദഗ്ധവേതനം, മെറ്റീരിയൽ തുക എന്നിവ ഉൾപ്പെടുത്തി 64,475/-രൂപ (31 അവിദഗ്ധതൊഴിൽദിനം, 15 വിദഗ്ധതൊഴിൽദിനം മെറ്റീരിയൽ തുക 41,524/-രൂപ, ഡിസ്പ്ലെ ബോർഡ് 8,00/-രൂപ) ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും (ഫൈനൽ ബിൽ തയ്യാറാക്കിയതിന്റേയും അളവുകളുടേയും തീയതി ഇല്ല) ഡ്യൂറിംഗ് ജിയോടാഗ് സമയത്ത് ഗുണഭോക്താവിന്റെ അർഹത നിഷേധിക്കുകയും മസ്റ്റർ റോൾ സീറോ ആക്കി ഗുണഭോക്താവിന് തുടർന്നുള്ള അവിദഗ്ധ (ഭാഗികം), വിദഗ്ധ വേതനവും മെറ്റീരിയൽ തുകയും നല്കുന്നത് തടയുകയും ചെയ്തു.

അളവ് പുസ്തകം ശ്രീ. ബിബിൻ ബാബു (ഓവർസിയർ) മാത്രമേ ഒപ്പു വച്ചിട്ടുള്ളൂ. അക്രഡിറ്റഡ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യുകയോ, അസി.സെക്രട്ടറി, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുകയോ ചെയ്തിട്ടില്ല.

അവിദഗ്ധവേതനം (ഭാഗികമായി) അനുവദിച്ചതിന്റെ വിശദാംശം

(1) (മസ്റ്റർ റോൾ നം 17411) 4,976/-രൂപ (04.02.2023 മുതൽ 19.02.2023)

(എഫ്.ടി.ഒ നമ്പർ 1069880 തീയതി. 01.03.2023)

(11) (മസ്റ്റർ റോൾ നം19433) 622/-രൂപ (03.03.2023 മുതൽ 04.03.2023)

(111) (മസ്റ്റർ റോൾ നം19435) 622/-രൂപ (05.03.2023 മുതൽ 06.03.2023)

(622 + 622 1244-എഫ്.ടി.ഒ നമ്പർ 1101360 തീയതി. 14.03.2023)

ഇതിനോടൊപ്പമെടുത്ത മൂന്ന് സ്കിൽഡ് മസ്റ്റർറോൾ, അവിദഗ്ധ വേതനം നല്കുന്നതിനുള്ള [ 2 മസ്റ്റർ റോൾ (19438, 19870) (07.03.2023 മുതൽ 17.03.2023, 18.03.2023 മുതൽ 19.03.2023 ] മസ്റ്റർ റോൾ എന്നിവ പ്രകാരമുള്ള തുകയും അനുവദിച്ചില്ല.

മേൽ പ്രവൃത്തിയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ഗുണഭോക്താവിന്റെ അർഹത 06.02.2021 ന് നിർണ്ണയിച്ച ശേഷം ഒരു വർഷം കഴിഞ്ഞാണ് (27.09.2022) എസ്റ്റിമേറ്റ് എടുത്തത്. തുടർ വർഷ ആക്ഷൻ പ്ലാനിൽ പ്രവൃത്തി ഉൾപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.
(2) പ്രവൃത്തിക്കായി ഉപയോഗിച്ച സാധനങ്ങളുടെ ജി.എസ്.ടി ബില്ലുകൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഒരു വർഷം മുമ്പ് ഉള്ള തീയതികളിലേതാണ്. (28.05.2021, 30.05.2021)

(3) 04.02.2023 മുതൽ 19.02.2023 വരെയും, 03.03.2023 മുതൽ 06.03.2023 വരെയും അവിദഗ്ധ വേതനം നല്കി. തുടർന്ന് 07.03.2023 മുതൽ അവിദഗ്ധ വേതനം ഉൾപ്പെടെയുള്ള തുക തടയുകയും ചെയ്തു. ആട് ഇല്ലെന്ന പേരിൽ മേൽ തുകയുടെ അർഹത പുനർനിർണ്ണയിച്ചതിന്റെ സാംഗത്യം വ്യക്തമല്ല.

(4) സിമന്റിന്റെ എക്സ്പെയറി തീയതി മാക്സിമം 3 മാസം മുതൽ 6 മാസം വരെയുള്ളപ്പോൾ 2 വർഷത്തിന് മുമ്പ് വാങ്ങിയ സാധനങ്ങൾ പ്രവൃത്തികൾക്ക് ഉപയോഗിച്ചിരിക്കുന്നു.

(5) മെഷർമെന്റ് ബുക്കിൽ ഓവർസിയർ ശ്രീ. ബിബിൻ ബാബു അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്രഡിറ്റഡ് എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്താത്ത അളവ് പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ തയ്യാറാക്കിയിരിക്കുന്നു.

(6) ബിഫോർ ജിയോടാഗ് ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച രേഖപ്പെടുത്തൽ ഫയലിൽ ഇല്ല.

(7) ഡ്യൂറിംഗ് ജിയോടാഗ് സമയത്ത് ആട് ഇല്ല എന്നു പറഞ്ഞ് അർഹത നിഷേധിച്ച സാഹചര്യത്തിലും ഓവർസിയർ അളവ് പുസ്തകത്തിൽ പ്രവൃത്തി പൂർത്തീകരണ സ്റ്റേജ് ഉൾപ്പെടെ എഴുതി തയ്യാറാക്കിയിരിക്കുന്നു. (തീയതി രേഖപ്പെടുത്തിയിട്ടില്ല)

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ബന്ധപ്പെട്ട ഫയൽ, അളവ് പുസ്തകം എന്നിവ കൈകാര്യം ചെയ്തിരുന്ന വാർഡിന്റെ ചുമതലയുള്ള ഓവർസിയർ ശ്രീ. ബിബിൻ ബാബു, അക്രഡിറ്റഡ് എഞ്ചിനീയർ ശ്രീമതി. വിജിത കെ.സേനൻ എന്നിവർ പരസ്പര വിരുദ്ധമായ മറുപടിയാണ് ലഭ്യമാക്കിയത്.

എസ്റ്റിമേറ്റ് എടുത്തത് അക്രഡിറ്റഡ് എഞ്ചിനീയറുടെ ലോഗിൻ വഴിയാണെന്നും അതിൽ വാർഡിന്റെ ചുമതലയുള്ള ഓവർസിയറുടെ പേര് മെൻഷൻ ചെയ്യുകയാണ് ചെയ്തിരുന്നതെന്നും ഓവർസിയർ പറയുന്നു. (മിഷൻ ഡയറക്ടറുടെ 9833/EGS.D/18/REGS ഉത്തരവ് പ്രകാരം 5 ലക്ഷത്തിന് താഴെയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എടുക്കുന്നത് ഓവർസിയറാണ്) ചെക്ക് മെഷർമെന്റ് എടുക്കേണ്ടത് അക്രഡിറ്റഡ് എഞ്ചിനീയർ ആണെന്നും ഓവർസിയറുടെ ചുമതലയായ സൈറ്റ് ഇൻസ്പെക്ഷനും ജിയോടാഗിംഗും അളവുകൾ രേഖപ്പെടുത്തലും മാത്രമേ താൻ ചെയ്തിട്ടുള്ളുവെന്നുമാണ് ഓവർസിയർ വ്യക്തമാക്കുന്നത്. ഗുണഭോക്താവിന് അർഹതയില്ലയെന്ന വിവരം അക്രഡിറ്റഡ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്ത ശേഷമാണ് മസ്റ്റർ റോൾ സീറോ ആക്കിയതെന്ന് ഓവർസിയർ വ്യക്തമാക്കുന്നുണ്ടെങ്കിലും ആയതിന് അടിസ്ഥാനമാക്കിയ രേഖകൾ ഓവർസിയർ ഹാജരാക്കിയിട്ടില്ല.
2021-22 മുതൽ പഞ്ചായത്തിൽ വാർഡ് വിഭജിച്ചുള്ള ജോലി വിഭജനരേഖ പ്രകാരം വാർഡിന്റെ പൂർണ്ണ ചുമതല ഓവർസിയർ ആയ ശ്രീ. ബിബിൻ ബാബുവിനായതിനാൽ എസ്റ്റിമേറ്റ് എടുത്തത് ഓവർസിയർ ആയ ശ്രീ. ബിബിൻ ബാബു ആണെന്നും, പ്രസ്തുത അളവ് പുസ്തകം കണ്ടിട്ടില്ലയെന്നും അക്രഡിറ്റഡ് എഞ്ചിനീയർ മറുപടി നൽകി. അക്രഡിറ്റഡ് എഞ്ചിനീയർ അളവ് പുസ്തകം ചെക്ക് മെഷർമെന്റ് നടത്തിയിട്ടില്ല. കൂടാതെ അസി.സെക്രട്ടറി, സെക്രട്ടറി എന്നിവർ ആരും തന്നെ ബന്ധപ്പെട്ട അളവ് പുസ്തകം സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. എ.ഐ.ടി.എ ശ്രീമതി.ബിന്ദു പ്രകാശ് മസ്റ്റർ റോൾ സീറോ ആക്കിയത് ഓവർസിയർ. ശ്രീ. ബിബിൻബാബുവിന്റെ നിർദ്ദേശ പ്രകാരമാണെന്ന് എം.ബുക്കിൽ രേഖപ്പെടുത്തൽ ഉണ്ട്.

നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്ന സാധനങ്ങളിൽ ഉൾപ്പെടുന്ന സിമന്റ് 3 മാസം വരെയേ ഉപയോഗിക്കാൻ കഴിയൂ എന്നതിനാലും ആട്ടിൻകൂട് നിർമ്മാണത്തിന്റെ പൂർത്തീകരണ ഫോട്ടോകൾ

ഫയലിൽ സൂക്ഷിച്ചിരിക്കുന്നതിനാലും പ്രവൃത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പ് തന്നെ പൂർത്തീകരിച്ചുവെന്ന് കരുതേണ്ടിയിരിക്കുന്നു.

മേൽ വിഷയത്തിൽ സമഗ്ര അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 4/2022-23 തീയതി. 25.10.2023

1-26 വ്യക്തിഗത ആസ്തി നിർമ്മാണ പ്രവൃത്തികളുടെയും, പൊതു പ്രവൃത്തികളുടേയും നിർവ്വഹണത്തിൽ ഗുരുതര അപാകതകൾ

97 മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾക്കും 7 മരാമത്ത് പ്രവൃത്തികൾക്കും 16 വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും വേണ്ടിയാണ് 2022-23 ൽ MGNREGS-ൽ തുക ചെലവഴിച്ചിരിക്കുന്നത്. ആകെ ചെലവ് 3,66,49,825/-രൂപയാണ്. മേൽ പ്രവൃത്തികളെല്ലാം തന്നെ 5 ലക്ഷത്തിന് താഴെയുള്ള പ്രവൃത്തികളാണ്. ആയതിനാൽ മിഷൻ ഡയറക്ടറുടെ 9833/EGS.D/18/REGS നം ഉത്തരവ് പ്രകാരം ടി വർക്കുകളുടെ അളവുകൾ രേഖപ്പെടുത്തേണ്ടത് ഓവർസിയറും, ചെക്ക് മെഷർ ചെയ്യേണ്ടത് അക്രഡിറ്റഡ് എഞ്ചിനീയറും ആണ്.

സെക്രട്ടറി പുറപ്പെടുവിച്ച ഓഫീസ്, ജോലി വിഭജനരേഖ താഴെ പറയും പ്രകാരമാണ്.

1 മുതൽ 5 വരെ വാർഡുകൾ ചുമതല ശ്രീമതി. വിജിത കെ സേനൻ (എ.ഇ),

6 മുതൽ 10 വരെ വാർഡ് ചുമതല ശ്രീ. ബിബിൻ ബാബു (ഓവർസിയർ)

11 മുതൽ 15 വരെ വാർഡ് ചുമതല ശ്രീ. ബിനു.ബി (ഓവർസിയർ )

16.12.2022 ലെ അജണ്ട 3 (1) പ്രകാരം (ഉത്തരവ് നമ്പർ 174/2022 തീയതി. 17.12.2022) 1, 5, 15 വാർഡുകൾ ശ്രീമതി. വിജിത കെ സേനൻ (എ.ഇ), 9, 10, 11, 12, 13, 14 വാർഡുകൾ ശ്രീ. ബിബിൻ ബാബു (ഓവർസിയർ), 2, 3, 4, 6, 7, 8 വാർഡുകൾ ശ്രീ. ബിനു.ബി (ഓവർസിയർ) എന്നിങ്ങനെ ജോലി വിഭജനം പുനക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത ജോലി വിഭജനരേഖയുടെ അടിസ്ഥാനത്തിൽ 1 മുതൽ 5 വരെ വാർഡുകളുടെ സ്വതന്ത്ര ചുമതല വഹിച്ചിരുന്ന അക്രഡിറ്റഡ് എഞ്ചിനീയർ ശ്രീമതി. വിജിത കെ സേനൻ, മറ്റു വാർഡുകളിലെ പ്രവൃത്തികളുടെ അളവുകളിൻമേൽ ചെക്ക് മെഷർമെന്റ് നടത്തുന്നുണ്ട്.

മേൽ പരാമർശിച്ച ജെ.പി.സി യുടെ ഉത്തരവിന് വിരുദ്ധമായി താഴെ പറയുന്ന 2 മരാമത്ത് പ്രവൃത്തികളിലും 4 വ്യക്തിഗത ആനുകൂല്യ പ്രവൃത്തികളിലും അക്രഡിറ്റഡ് എഞ്ചിനീയർ ശ്രീമതി. വിജിത കെ സേനൻ ചെക്ക് മെഷർമെന്റ് നടത്താതെ അസി.സെക്രട്ടറി, സെക്രട്ടറി എന്നിവരുടെ അംഗീകാരത്തോടെ തുക അനുവദിച്ചതായി കാണുന്നു.

മരാമത്ത് പ്രവൃത്തികൾ

(1) കന്നേൽ സ്നേഹാലയം റോഡ് കോൺക്രീറ്റ്

(വർക്ക് കോഡ് ആർ.സി. 366591)

(2) മണ്ണാഞ്ചേരിൽ കുന്നേൽ റോഡ് കോൺക്രീറ്റ്

(വർക്ക് കോഡ് ആർ.സി 366588)

മേൽ വിഷയം സംബന്ധിച്ച് അക്രഡിറ്റഡ് എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/2022-23 തീയതി 26.10.2023 ന് ടിയാൾ ലഭ്യമാക്കിയ മറുപടിയിൽ 13-ാം വാർഡിലെ രണ്ട് റീച്ച് ആയി ചെയ്ത മേൽ റോഡ് പ്രവൃത്തികളുടെ ഫയലിൽ മെറ്റീരിയൽ സപ്ലേ എഗ്രിമെന്റ്, ഇ.എം.ഡി എന്നിവ ഇല്ലാത്തതിനാലും അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ലാത്തതിനാലും കറക്ട് ചെയ്യുന്നതിനുവേണ്ടി ഫയൽ തിരികെ നൽകിയെങ്കിലും, അക്രഡിറ്റഡ് എഞ്ചിനീയറുടെ ചെക്ക് മെഷർമെന്റ് ഇല്ലാതെ മെഷർമെന്റ് ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തി കരാറുകാരന് തുക അനുവദിക്കുകയുണ്ടായി എന്നാണ് അറിയിച്ചത്. 13-ാം വാർഡിലെ മേൽ പരാമർശിച്ച 2 റോഡ് പ്രവൃത്തികളിലും എസ്റ്റിമേറ്റ് എടുത്ത് അളവുകൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടുള്ളത് ടി സമയത്ത് പ്രസ്തുത വാർഡിന്റെ ചുമതല വഹിച്ചിരുന്ന ഓവർസിയർ

ശ്രീ. ബിബിൻബാബു ആണ്. അസി.സെക്രട്ടറി പ്രസ്തുത എം.ബുക്കിൽ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല. ഫയൽ പരിശോധനയിൽ ഇ.എം.ഡി. അടച്ചതിന്റെ രേഖകൾ ഇല്ല. പ്രവൃത്തിയുടെ ടെണ്ടർ ഷെഡ്യൂൾ സെക്രട്ടറി, കരാറുകാരൻ എന്നിവർ ഒപ്പ് വച്ചിട്ടില്ല. തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ സ്വീകരിച്ചതിന്റെ രേഖകൾ ഇല്ല. മേൽ വിഷയത്തിൽ സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ പറയുന്നത് ഫയൽ സംബന്ധിച്ച ടെക്നിക്കൽ വശം പരിശോധിക്കാൻ സെക്രട്ടറിക്കോ അസി. സെക്രട്ടറിക്കോ അറിവില്ലയെന്നും സമയബന്ധിതമായി പേയ്മെന്റ് നൽകാൻ ബില്ലുകൾ യഥാസമയം അക്രഡിറ്റഡ് എഞ്ചിനീയർ നൽകിയില്ലയെന്നുമാണ്. അക്രഡിറ്റഡ് എഞ്ചിനീയർ, സെക്രട്ടറി എന്നിവരുടെ വാദഗതിയെ സാധൂകരിക്കുന്ന രേഖകൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വ്യക്തിഗത ആനുകൂല്യ പദ്ധതികൾ

4 വ്യക്തിഗത ആനുകൂല്യ പ്രവൃത്തികൾക്ക് ചെക്ക് മെഷർ ചെയ്യാത്തതിന് അക്രഡിറ്റഡ് എഞ്ചിനീയർ നല്കിയ വിശദീകരണം

(1) വാർഡ് 9 ലെ അസോള ടാങ്ക് നിർമ്മാണത്തിൽ ഓവർസിയർ എടുത്ത എസ്റ്റിമേറ്റിൽ വലിപ്പക്കൂടുതൽ ഉള്ളതിനാൽ എ.ഇ ചെക്ക് മെഷർമെന്റ് നടത്തിയില്ലയെന്നും എന്നാൽ സെക്രട്ടറി തുക അനുവദിച്ചു എന്നും എ.ഇ മറുപടി നൽകി. ഇതിൻമേൽ സെക്രട്ടറി ലഭ്യമാക്കിയ വിശദീകരണം മെഷർമെന്റിൽ തിരുത്തൽ ഉള്ള വിവരം ഫയൽ നോട്ടായി എ.ഇ ബോധ്യപ്പെടുത്തിയിട്ടില്ലയെന്നാണ്. രണ്ടുപേരുടേയും വാദഗതികളെ സാധൂകരിക്കുന്ന രേഖകൾ ഒന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(2) വാർഡ് 15 സുഗിത പുത്തൻ പുരയ്ക്കൽ (കോഴിക്കൂട് നിർമ്മാണം) സൈറ്റിലെ അളവും അളവ് പുസ്തകത്തിലെ അളവും വ്യത്യാസപ്പെട്ടതിനാൽ ചെക്ക് മെഷർമെന്റ് നടത്തിയില്ലയെന്നതാണ് എ.ഇ നൽകിയ മറുപടി. മറുപടിയെ സാധൂകരിക്കുന്ന നോട്ട് ഫയലിൽ ഇല്ല. മസ്റ്റർ റോൾ 30.09.2022 മുതൽ 10.10.2022 വരേയും 17.12.2022 മുതൽ 26.12.2022 വരെയുള്ളവയുള്ളതാണ്. അളവ് പുസ്തകത്തിൽ 17.10.2022 ന് ഫൈനൽ ബിൽ എഴുതി പൂർത്തിയാക്കിയിട്ടുണ്ട്. അളവ് പുസ്തകം ഓവർസിയർ ശ്രീ. ബിനു, അസി.സെക്രട്ടറി ശ്രീ. ടൈറ്റസ് പി., സെക്രട്ടറി ശ്രീമതി.താര എന്നിവർ 17.10.2022 ൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മെഷർമെന്റ് ബുക്കിലെ ബിൽ പാർട്ടിൽ വെട്ടിതിരുത്തൽ വരുത്തി ശ്രീ.ബിബിൻ ബാബു സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടുണ്ട്. ഫൈനൽ ബില്ലിനുശേഷം മസ്റ്റർ റോൾ എഴുതി 2,910/-രൂപ അവിദഗ്ധ വേതനം ഇനത്തിലും (എഫ്.ടി.ഒ നം. 895656 തീയതി. 31.12.2022) 9,400/-രൂപ വിദഗ്ധതൊഴിൽ വേതനം ഇനത്തിലും (എഫ്.ടി.ഒ നം.16156 തീയതി.03.04.2023) അനുവദിച്ചു. മെറ്റീരിയൽ ഇനത്തിൽ അനുവദിച്ച തുക 38,834/-രൂപ (എഫ്.ടി.ഒ. നം.1652 തീയതി 29.05.2023) ഫൈനൽ ബില്ലിനുശേഷം മസ്റ്റർ റോൾ എഴുതി 2,910/-രൂപ അവിദഗ്ധ വേതനം ഇനത്തിൽ നൽകിയത് തിരികെ അടയ്ക്കേണ്ടതാണ്.

(3) വാർഡ് നം.8 നസീമ തച്ചൻകാട്ടിൽ (ആട്ടിൻകൂട് നിർമ്മാണം)

06.03.2023 വരെ മസ്റ്റർ റോൾ എഴുതി പേയ്മെന്റ് നല്കുകയും 07.03.2023 മുതൽ ആട് ഇല്ല എന്ന കാരണത്താൽ മസ്റ്റർ റോൾ സീറോ ആക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമല്ല. എ.ഐ.ടി.എ മസ്റ്റർ റോൾ സീറോ ആക്കിയത് ഓവർസിയറുടെ (ശ്രീ. ബിബിൻ ബാബു) നിർദ്ദേശപ്രകാരമാണെന്ന് കാണുന്നു. അക്രഡിറ്റഡ് എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ പ്രസ്തുത രേഖയിലോ അളവ് പുസ്തകത്തിലോ ഇല്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ഫോട്ടോ, മെറ്റീരിയലിന്റെ ഒരു വർഷം മുൻപുള്ള ബില്ലുകൾ എന്നിവ ഫയലിൽ കാണുന്നു. അളവ് പുസ്തകത്തിൽ ആസ്തിയുടെ മൊത്തം അളവും രേഖപ്പെടുത്തി ഫൈനൽ ബിൽ തയ്യാറാക്കിയിട്ടിട്ടുണ്ട്. അസി.സെക്രട്ടറി ശ്രീമതി. ഹസിത എ, സെക്രട്ടറി ശ്രീമതി.താര എന്നിവർ അളവുകൾ ആധികാരികമാക്കിയിട്ടില്ല. എന്നാൽ മെറ്റീരിയൽ ഫണ്ടായ 41,524.87/-രൂപ ബിൽ ഡ്യൂ ആയി വർക്ക് രജിസ്റ്റർ ഡീറ്റെയിൽസിൽ ഉൾപ്പെട്ടിരിക്കുന്നു. മേൽ വിഷയത്തിൽ ഫയൽ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചത് പ്രസ്തുത വാർഡിന്റെ ചുമതലയുള്ള എ.ഐ.ടി.എ യാണെന്നാണ് സെക്രട്ടറിയുടെ വിശദീകരണം.

(4) വാർഡ് - 7 ആരിഫ മരയ്ക്കാശ്ശേരിൽ (ആട്ടിൻകൂട്)

രേഖകൾ പരിശോധിച്ചതിൽ സ്കിൽഡ് മസ്റ്റർ റോളുകൾ ഫിൽ ചെയ്തിട്ടില്ല. 07.07.2022 മുതൽ 22.07.2022 വരെ (മസ്റ്റർ റോൾ നം.3719) അവിദഗ്ധനേതനമായി 4,976/-രൂപ ചെലവഴിച്ചിട്ടുണ്ട് ( എഫ്.ടി.ഒ നം 300566 തീയതി. 26.07.2022) ഇതേ തീയതിയിലെടുത്ത സ്കിൽഡ് – സെമിസ്കിൽഡ് മസ്റ്റർ റോളുകളിൽ (3779, 3780) തൊഴിലാളികൾ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. 10,000/-രൂപ സ്കിൽഡ് വേതനം ഇനത്തിൽ ചെലവ് വന്നിട്ടുണ്ട്. ( എഫ്.ടി.ഒ.നം 161037 തീയതി. 31.03.2023) സ്കിൽഡ് വർക്കേഴ്സ് തൊഴിൽ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ ചെലവ് അംഗീകരിക്കാൻ കഴിയില്ല. മെറ്റീരിയൽ തുക 45,606/-രൂപ
(എഫ്.ടി.ഒ.നം 16649 തീയതി. 06.05.2023)

മെഷർമെന്റ് ബുക്ക് സെക്രട്ടറി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി നൽകിയിട്ടില്ല. ഓവർസിയർ ശ്രീ. ബിബിൻ ബാബു അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്രഡിറ്റഡ് എഞ്ചിനീയർ, സെക്രട്ടറി, അസി.സെക്രട്ടറി എന്നിവരാരും അളവ് പുസ്തകം സാക്ഷ്യപ്പെടുത്തി അംഗീകരിച്ചിട്ടില്ല. ഓവർസിയറുടെ മാത്രം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. പ്രസ്തുത ഫയലിൽ ഗുണഭോക്താവിന്റെ അപേക്ഷ, മറ്റ് ഐഡന്റിറ്റി പ്രൂഫുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മെറ്റീരിയലിന്റെ ബിൽ എടുത്തിട്ടുള്ളത് ആരിഫ എന്ന ആളിന്റെ പേരിലാണെങ്കിലും തുക പേയ്മെന്റ് ആയിട്ടുള്ളത് അബ്ദുൾ റഹമാന്റെ പേരിലുള്ള അക്കൗണ്ടിലാണ്. എസ്റ്റിമേറ്റിലുള്ള എസ്കവേഷൻ ഒഴികെ മറ്റ് പ്രവൃത്തികളിലെല്ലാം തന്നെ അവിദഗ്ധ തൊഴിലിനോടൊപ്പം വിദഗ്ധ തൊഴിലും ഉൾപ്പെടുന്നതിനാൽ സ്കിൽഡ് മസ്റ്റർ റോൾ ആരും ഒപ്പ് വച്ചിട്ടില്ലയെന്നത് ഗുരുതരമായ വീഴ്ചയാണ്. മേൽ വിഷയം സംബന്ധിച്ച് സെക്രട്ടറി നൽകിയ മറുപടി ഓവർസിയർമാർ അളവ് രേഖപ്പെടുത്തി നൽകുന്ന ഫയലിൻമേൽ ഹാജർ രേഖപ്പെടുത്തി തുടർപ്രവർത്തനങ്ങൾ സ്വീകരിക്കുന്നത് അക്രഡിറ്റഡ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം അതാത് വാർഡിന്റെ ചുമതലയുള്ള എ.ഐ.ടി.എ മാരാണെന്നാണ്.
മേൽ സൂചിപ്പിച്ച പ്രവൃത്തികളിലെ നടപടി ക്രമങ്ങളിൽ ഉണ്ടായ വീഴ്ചകളിൽ ഉദ്യോഗസ്ഥരുടെ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ വിശദമായ അന്വേഷണത്തിനും തുടർനടപടികൾക്കും ശുപാർശ ചെയ്യുന്നു.
ഓഡിറ്റ് അന്വേഷണം നമ്പർ - 13 /2022-23 തീയതി. 28.10.2023

1-27 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പൊതു അപാകതകൾ

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 97 സ്വകാര്യഭൂമികളിൽ മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾക്കും, 16 വ്യക്തിഗത ആനുകൂല്യ പ്രവൃത്തികൾക്കും 7 മരാമത്ത് പ്രവൃത്തികൾക്കും തുക ചെലവഴിച്ചു. പ്രവൃത്തികളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് പരിശോധിക്കപ്പെട്ട ഫയലുകളിൽ കണ്ടെത്തിയ ഗുരുതര വീഴ്ചകൾ ചുവടെ ചേർക്കുന്നു.

(1) വ്യക്തിഗത ആസ്തി നിർമ്മാണ ആനുകൂല്യം നല്കുന്ന ഫയലുകളിൽ ഗുണഭോക്താവിന്റെ അപേക്ഷ, തിരിച്ചറിയൽ രേഖകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

(2) വ്യക്തിഗത ആസ്തി നിർമ്മാണ ആനുകൂല്യം നല്കുന്ന ഫയലിൽ കാണുന്ന നിർമ്മാണ സാമഗ്രികൾക്കുള്ള ജി.എസ്.ടി ബില്ലുകൾ ഒന്നു മുതൽ രണ്ട് വരെ വർഷം പഴക്കമുള്ളതാണ്.

(3) സ്കിൽഡ് മസ്റ്റർ റോളുകളിൽ തൊഴിലാളികളുടെ പേര് രേഖപ്പെടുത്തുന്നില്ല. ചിലവ ബ്ലാങ്ക് ആയി ഫയലിൽ കാണുന്നു.

(4) ഒരേ പ്രവൃത്തിയുടെ അവിദഗ്ധ, വിദഗ്ധ മസ്റ്റർ റോളുകൾ വിവിധ തീയതികളിലേതായി കാണുന്നു. (വാനം വെട്ടൽ ഒഴികെ എല്ലാ പ്രവൃത്തികളിലും ഒരേ ദിവസമാണ് വിദഗ്ധ-അവിദഗ്ധ തൊഴിലാളികൾ തൊഴിൽ ചെയ്യേണ്ടത്.)

(5) ഭൂരിഭാഗം ഫയലുകളിലും എഫ്.ടി.ഒ ഉൾപ്പെടുത്തിയിട്ടില്ല.

(6) അളവ് പുസ്തകം സെക്രട്ടറി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. എം.ബുക്ക് നമ്പർ രേഖപ്പെടുത്താതെ വിതരണം ചെയ്തിരിക്കുന്നു. ടി ബുക്കുകൾ എ.ഇ, ഓവർസിയർമാർ

എന്നിവർ ഒപ്പ് രേഖപ്പെടുത്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നു.

(7) എം.ജി.എൻ.ആർ.ഇ.ജി.എസ് വിങ്ങ് സൂക്ഷിച്ചിരിക്കുന്ന എം.ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ എം.ബുക്കും ഏതൊക്കെ വർക്കിന് ഉപയോഗിച്ചിരിക്കുന്നുവെന്ന് വ്യക്തമല്ല. (ഉദാ.16/22-23, 6, 8, 9, 10, 11, 12, 13, 14/22-23, 24, 25, 26, 55, 140, 142, 116, 114, 106, 121/22-23)

(8) 173 എം.ബുക്കുകൾ എം.ജി.എൻ.ആർ.ഇ.ജി.എസ് വിങ്ങ് സ്വീകരിച്ചിട്ടുണ്ടെങ്കിലും 117 എണ്ണം മാത്രമാണ് സ്റ്റോക്കിലെടുത്തിട്ടുള്ളത്.

(9) അളവ് പുസ്തകം ഓവർസിയറുടെ അളവുകളുടെ അടിസ്ഥാനത്തിൽ മാത്രം അതായത് അക്രഡിറ്റഡ് എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്താതെ സെക്രട്ടറി പേയ്മെന്റ് നടത്തിയിട്ടുണ്ട്. (മിഷൻ ഡയറക്ടറുടെ ഉത്തരവിന് വിരുദ്ധം)
ഉദാ. (1) കന്നേൽ സ്നേഹാലയം റോഡ് കോൺക്രീറ്റ് (വാർഡ് 13)
(2) മണ്ണാഞ്ചേരിൽ കുന്നേൽ റോഡ് കോൺക്രീറ്റിംഗ് (വാർഡ് 13)

(10) അളവ് പുസ്തകം അക്രഡിറ്റഡ് എഞ്ചിനീയർ അളവെടുത്ത്, ചെക്ക് മെഷർമെന്റ് നടത്താതെ സെക്രട്ടറി തുക അനുവദിച്ചു. (മിഷൻ ഡയറക്ടറുടെ ഉത്തരവിന് വിരുദ്ധം)
ഉദാ. (1) പ്രത്യക്ഷ നഗർ റോഡ് കോൺക്രീറ്റിംഗ്, (വാർഡ് 1)
(2) പുത്തൻപുരയ്ക്കൽ അംഗനവാടി റോഡ് കോൺക്രീറ്റിംഗ് (വാർഡ് 1)

(11) അളവ് പുസ്തകത്തിൽ ഒന്നും തന്നെ പ്രവൃത്തി ചെയ്ത ദിവസങ്ങൾ രേഖപ്പെടുത്തുന്നില്ല.

(12) മരാമത്ത് പ്രവൃത്തികളിൽ സെക്രട്ടറിയുടെ പേരിൽ കരാറുകാരൻ നല്കുന്ന ജി.എസ്.ടി ബില്ലിൽ തീയതി രേഖപ്പെടുത്തുന്നില്ല.

(13) സിമന്റിന് പ്രാദേശിക നിരക്ക് നിശ്ചയിച്ചിട്ടില്ല.

(14) പൊതു ആസ്തി നിർമ്മാണ പ്രവൃത്തികളിൽ മത്സരാധിഷ്ഠിത ടെണ്ടർ ലഭിക്കുന്നില്ല. ടെണ്ടർ നടത്തിയ 55 പ്രവൃത്തികളിൽ 7 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. 5 പ്രവൃത്തികൾ ഒരേ കരാറുകാരൻ തന്നെയാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്.

(15) മരാമത്ത് പ്രവൃത്തി നടത്തിയ 7 റോഡുകളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല.

(16) 2020-21 സാമ്പത്തിക വർഷം അപേക്ഷ ലഭിച്ച്, 2022-23 ൽ എസ്റ്റിമേറ്റ് എടുത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് എഫ്.റ്റി.ഒ ആയിട്ടുണ്ടെങ്കിലും നാളിതുവരെ മെറ്റീരിയൽ തുക നൽകിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | മെറ്റീരിയൽ തുക (രൂപ) |
|---|---|---|
| 1. | കിണർ നിർമ്മാണം<br>ലത. വേണാട് ( വാർഡ് 6 ) | 21,574/- |
| 2. | തൊഴുത്ത് നിർമ്മാണം<br>ബഷീർ, മുംതാസ് മൻസിൽ ( വാർഡ് 7 ) | 52,639/- |
| 3. | ആട്ടിൻകൂട് നിർമ്മാണം<br>സന്ധ്യ, ഗിരീഷാലയം ( വാർഡ് 2 ) | 52,640/- |
| 4. | കിണർ നിർമ്മാണം<br>ഷൈല കൊപ്പാറയിൽ ( വാർഡ് 10) | 15,729/- |
| 5. | കിണർ നിർമ്മാണം<br>സുജിത്ത്, വാലുതറയിൽ (വാർഡ് 10) | 18,836/- |
| 6. | കിണർ നിർമ്മാണം<br>ആനന്ദവല്ലി, ബിനുഭവനം (വാർഡ് 8) | 21,138/- |

| | | |
|---|---|---|
| 7. | കിണർ നിർമ്മാണം<br>ശശികല മണികുട് (വാർഡ് 8) | 20,413/- |

(17) മണ്ണ്-ജലസംരക്ഷണ പ്രവർത്തികളിൽ ആസ്തികൾ സംരക്ഷിക്കപ്പെടുന്നില്ലയെന്ന് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരാമർശം നിലനിൽക്കുന്നു.

(18) 33 പ്രവൃത്തികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥലത്ത് സ്ഥാപിച്ചിട്ടില്ലയെന്നും പ്രവൃത്തിയുടെ പേര് തെറ്റായി രേഖപ്പെടുത്തിയതായും (ഫ്ലഡ് പ്രൊട്ടെക്ഷന് പകരം റോഡ് കോൺക്രീറ്റ്), സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരാമർശം നിലനിൽക്കുന്നു.

(19) മണ്ണ്-ജലസംരക്ഷണ പ്രവർത്തികളുടെ അപേക്ഷകളിൽ തൊഴിലാളികളുടെ പേര് രേഖപ്പെടുത്തി മേറ്റ് ഒപ്പ് വച്ച് ഹാജരാക്കിയിട്ടില്ല. തൊഴിലിന് അപേക്ഷിച്ചിട്ടും മസ്റ്റർ റോളിൽ പേര് വന്നില്ലയെന്ന പരാതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്നു.

(20) വിജിലൻസ് & മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നില്ല.

1-28 2022-23 ൽ ഫൈനൽ ബിൽ എഴുതിയ പ്രവൃത്തി തിരുത്തി പാർട്ട് ബിൽ ആക്കി 2023-24 ൽ മസ്റ്റർ റോൾ എഴുതി.

വരൾച്ച പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ആവിഷ്കരിച്ച വാർഡ് 13 ലെ ഫല വൃക്ഷതൈ നടീലും, പരിപാലനവും (ഡി.പി. 335233) പദ്ധതിക്ക് 6.7.2022 ൽ ഭരണാനുമതിയും, 7.7.2022 ൽ സാങ്കേതികാനുമതിയും ലഭിച്ചു. 500 തൈകൾ നടുന്നതിനുള്ള എസ്റ്റിമേറ്റിൽ 360 തൈകൾ 22-23 ൽ നടുകയും ചെയ്തു. 92 അവിദഗ്ധ തൊഴിൽ ദിനം ലഭ്യമാക്കുകയും ഡിസ്പ്ലേ ബോർഡ് ഉൾപ്പെടെ 31,612/-രൂപ ചെലവഴിക്കുകയും ചെയ്തു. അളവ് പുസ്തകത്തിൽ ഫൈനൽ ബിൽ എഴുതി ക്ലോസ് ചെയ്തിരിക്കുന്നു. എന്നാൽ അതേ അളവ് പുസ്തകത്തിൽ ഫൈനൽ ബിൽ എന്നത് തിരുത്തി പാർട്ട് ബിൽ എന്നാക്കുകയും 2023-24 ൽ 20.06.2023 മുതൽ 26.06.2023 വരെ വീണ്ടും മസ്റ്റർ റോൾ എടുത്ത് പ്രവൃത്തി നടത്തുകയും ചെയ്തിരിക്കുന്നു. തൈകൾ വാങ്ങിയത് സംബന്ധിച്ച വിശദാംശം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 2022-23 ൽ ഓച്ചിറ പഞ്ചായത്തിൽ നിന്നും വാങ്ങിയ 500 തൈകളിൽ 160 തൈകൾ നശിച്ചുപോയിയെന്നും 23-24 ൽ നഴ്സറി പ്രവൃത്തി വഴി ഉത്പാദിപ്പിച്ച 140 മുരിങ്ങതൈകൾ ഈ വർക്കിൽ ഉൾപ്പെടുത്തി ചെയ്തുവെന്നുമാണ്. പ്രസ്തുത പ്രവൃത്തി സ്പിൽ ഓവർ ആക്കിയാണ് ചെയ്തത് എന്നതിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

തൈകൾ വാങ്ങിയത് സംബന്ധിച്ച വിശദാംശം, പ്രോജക്ട് സ്പിൽ ഓവർ ആക്കിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ 5/2022-23 തീയതി. 26.10.2023

1-29 ഒരു ഗുണഭോക്താവിന് രണ്ടു പ്രോജക്ടുകളിലായി രണ്ടു തവണ ധനസഹായം നൽകി.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | ഹെഡ് മിസ്ട്രസ്സ് |
|---|---|---|
| പദ്ധതിയുടെ പേര് | അടങ്കൽ തുക (രൂപ) | ചെലവു തുക (രൂപ) |
| മെറിട്ടോറിയസ് സ്കോളർഷിപ്പ് S0071/23 | വികസനഫണ്ട് എസ്.സി.പി. - 3,40,000/- | വികസനഫണ്ട് എസ്.സി.പി. - 2,90,000/-<br>(ബിൽ നം. 4 തീയതി 19.01.22) |

ഹെഡ് മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ മെറിട്ടോറിയസ് സ്കോളർഷിപ്പ് എന്ന പ്രോജക്ട് പ്രകാരം വിവിധ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന കോഴ്സുകൾക്ക് അനുസൃതമായി ധനസഹായം നൽകിയിട്ടുണ്ട്. ഈ പ്രോജക്ട് പ്രകാരം യൂനുസ് കോളേജ് ഓഫ് പോളിടെക്നികിൽ പോളിടെക്നിക് പഠിക്കുന്ന രാഹുൽ രാജ്, രാഹുൽ നിവാസ്, ക്ലാപ്പന എന്ന വിദ്യാർത്ഥിയ്ക്ക്

20,000/-രൂപ സ്കോളർഷിപ്പ് നൽകി. എന്നാൽ അസി. സെക്രട്ടറി നടപ്പിലാക്കിയ എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (63/23) എന്ന പ്രോജക്ട് (ബിൽ നം. 20/22-23 തീയതി. 21.12.22, 85,000/-) പ്രകാരവും പ്രസ്തുത വിദ്യാർത്ഥിക്ക് 20,000/-രൂപ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ രണ്ടുതവണ 20,000/-രൂപ ക്രഡിറ്റ് ആയത് ബോധ്യപ്പെട്ടു. രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർക്കും അപേക്ഷയും സ്ഥാപനമേധാവിയുടെ സർട്ടിഫിക്കറ്റും പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രവും നൽകിയിട്ടുണ്ട്. ഒരു വിദ്യാർത്ഥിയ്ക്ക് തന്നെ രണ്ടാമതും ധനസഹായം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് വിദ്യാർത്ഥിയ്ക്ക് സ്കോളർഷിപ്പ് അനുവദിച്ചത് മറ്റ് ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് എന്ന് മറുപടി ലഭ്യമാക്കി. രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ ഒരേ പ്രോജക്ട് നടപ്പാക്കിയത് മൂലമാണ് ഇത്തരത്തിൽ അപാകതയുണ്ടായത്. കൂടാതെ എസ്.സി.പി ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളുടെ നിർവ്വഹണം അസി.സെക്രട്ടറി മുഖേന നൽകുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. സ്കോളർഷിപ്പ് നൽകിയതിൽ ഇരട്ടിപ്പ് വന്നതിനാൽ രണ്ടാമത് നൽകിയ 20,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . 17/28.10.23

നിരാകരിക്കുന്ന തുക - 20,000/-രൂപ

1-30 ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ചില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | ഹെഡ് മിസ്ട്രസ്സ് |
|---|---|---|
| പദ്ധതിയുടെ പേര് | അടങ്കൽ തുക(രൂപ) | ചെലവു തുക (രൂപ) |
| മെറിട്ടോറിയസ് സ്കോളർഷിപ്പ് S0071/23 | വികസനഫണ്ട് എസ്.സി.പി. - 3,40,000/- | വികസനഫണ്ട് എസ്.സി.പി. - 2,90,000/- (ബിൽ നം. 4 തീയതി - 19.01.22) |

മേൽ പ്രോജക്ട് പ്രകാരം വിവിധ കോഴ്സുകളിൽ പഠിക്കുന്ന 14 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങളിലെ സ്ഥാപന മേധാവികൾ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകിയത്. ഇതിൽ നാലു വിദ്യാർത്ഥികളുടെ പട്ടിക ഒഴികെ മറ്റുള്ളവരുടെ പേരുകൾ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പേര് | വാർഡ് | നൽകിയ തുക (രൂപ) |
|---|---|---|---|
| 1. | എ. ഷാന | 14 | 20,000/- |
| 2. | ലക്ഷ്മി എം. | 15 | 30,000/- |
| 3. | അനന്യ ജി. | 4 | 15,000/- |
| 4.. | അമൽ ആർ. | 15 | 20,000/- |
| 5. | സൗപർണിക ആർ.എസ്. | 3 | 20,000/- |
| 6. | മിഥുല പി.എസ്. | 15 | 20,000/- |
| 7. | സംഘമിത്ര ആർ. എസ്. | 3 | 20,000/- |
| 8. | സൂര്യജിത്ത് എസ്. | 15 | 20,000/- |
| ആകെ | | | 1,65,000/- |

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 28.05.22 തീയതിയിലെ സ.ഉ. (കൈ.) നം. 115/22 ഉത്തരവിലെ ഖണ്ഡിക 7.2.4 (I), (Ii) പ്രകാരം പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ

സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകാവുന്നതാണെന്നും ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ വിദ്യാർത്ഥികളുടെ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ വിദ്യാർത്ഥികളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കുന്നതു വരെ 1,65,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 15/22-23

തടസ്സപ്പെടുത്തുന്ന തുക - 1,65,000/-രൂപ

## 1-31 പാലീയേറ്റീവ് കെയർ പ്രോജക്ട് - തുക അധികം നൽകി.

| പദ്ധതിയുടെ പേര് | അടങ്കൽ തുക(രൂപ) | ചെലവു തുക(രൂപ) |
|---|---|---|
| പാലിയേറ്റീവ് കെയർ പ്രോജക്ട് S0015/23 | വികസനഫണ്ട് - 7,81,500/- | വികസനഫണ്ട് - 7,42,420/-<br>85,320/-, (ബിൽ നം.2 തീയതി 16.06.22)<br>54,340/-(ബിൽ നം.5 തീയതി 12.08.22)<br>42,080/-(ബിൽ നം.10 തീയതി 07.10.22)<br>23,490/- (ബിൽ നം. 13 തീയതി 05.11.22)<br>1,73,290/- (ബിൽ നം.21 തീയതി 26.12.22)<br>22,590/- (ബിൽ നം.26 തീയതി 03.01.23)<br>3,41,310/- (ബിൽ നം.30 തീയതി 31.01.23) |

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം പാലിയേറ്റീവ് കെയർ നെഴ്സിന് ടെലഫോൺ അലവൻസായി പ്രതിമാസം 300/-രൂപ വീതം നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ സ.ഉ.(സാധാ)നം.553/2019 തീയതി 07.03.2019 ഉത്തരവിലെ അനുബന്ധം, ഖണ്ഡിക 2.13.11 പ്രകാരം പാലിയേറ്റീവ് നേഴ്സിന് നൽകാവുന്ന ടെലഫോൺ അലവൻസ് പ്രതിമാസം 200/-രൂപയാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം February 2022 മുതൽ October 2022 വരെ ഫോൺ അലവൻസ് 300/-രൂപയാണ് നൽകിയത്. ആയത് പ്രകാരം 100 X 9= 900/-രൂപ അധികം നൽകിയിട്ടുണ്ട്. തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11 /27.10.23

## 1-32 മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി ഇൻഹൌസ് ഡ്രഗ് ബാങ്കിന് മുൻകൂർ തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | നൽകിയ തുക (രൂപ) | ലഭ്യമായ മരുന്നിന്റെ വിവരം തുക (രൂപ) | ലഭ്യമാകാനുള്ള മരുന്നിന്റെ വിവരം തുക (രൂപ) |
|---|---|---|---|
| ആശുപത്രിയിലേക്ക് മരുന്നുകൾ S0016/23 | 2,50,000/- (ബിൽ നം.29 തീയതി 31.01.23) | 2,22,564/- | 27,436/- |
| പാലിയേറ്റീവ് കെയർ പ്രോജക്ട് S0015/23 | 3,13,020/- (ബിൽ നം.30 തീയതി 31.01.23) | 2,94,392/- | 18,628/- |
| അതിദരിദ്രർക്ക് മൈക്രോപ്ലാൻ, ആരോഗ്യവുമായി ബന്ധപ്പെട്ട ഇടപെടൽ S00151/23 | 50,000/- (ബിൽ നം.38 തീയതി 31.03.23)<br>50,000/-( ചെക്ക് നം. 22821/31.12.22 | 50,000/- | 50,000/- |
| | | ആകെ | 96,064/- |

മരുന്നുകൾ ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഇൻഹൌസ് ഡ്രഗ് ബാങ്ക് മാനേജർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 96,064/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശവും, ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകളും സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 10/27.10.23

തടസ്സപ്പെടുത്തുന്ന തുക – 96,064/-രൂപ

## 1-33 തനതു വിഭവ സമാഹരണം - അവലോകനം

### (1) വസ്തുനികുതി പരിഷ്കരണം

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതി 2023-24 മുതൽ അടുത്ത അഞ്ച് വർഷത്തേയ്ക്ക് നിലവിലുള്ള നിരക്കിന്റെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുക, സോഫ്റ്റ് വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലമുള്ള നികുതി നഷ്ടം ഒഴിവാക്കാൻ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി

പുനർനിർണ്ണയിക്കേണ്ടതായുണ്ട്. ആയതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 05.05.2023-ലെ 1(1)-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. തുടർന്ന് 19.06.2023 ലെ 3(1) തീരുമാനപ്രകാരം ഓരോ വിഭാഗം കെട്ടിടങ്ങളുടേയും അടിസ്ഥാന വസ്തു നികുതി നിരക്കുകൾ അന്തിമമാക്കിയിട്ടുണ്ട്.

(2) സേവന ഉപനികുതി

സേവന ഉപനികുതി നിലവിൽ ഈടാക്കുന്നില്ല. 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുതകെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2023-24 പ്രാബല്യത്തിൽ നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണത്തിൽ സേവന ഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

(3) തൊഴിൽ നികുതി

ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, തുടങ്ങിയവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. (ഖണ്ഡിക 1-13 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

(4) ലൈസൻസ് - ഫീസ്

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട് (ഖണ്ഡിക 1-12 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

(5) പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടിയില്ല

തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്യുകയും ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെ സംഘടിപ്പിച്ച് നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന

മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഒരു ഗുണഭോക്താവിന് രണ്ടു പ്രോജക്ടുകളിലായി രണ്ടു തവണ ധനസഹായം നൽകി.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | ഹെഡ് മിസ്ട്രസ്സ് |
|---|---|---|
| പദ്ധതിയുടെ പേര് | അടങ്കൽ തുക (രൂപ) | ചെലവു തുക (രൂപ) |
| മെറിട്ടോറിയസ് സ്കോളർഷിപ്പ് S0071/23 | വികസനഫണ്ട് എസ്.സി.പി. - 3,40,000/- | വികസനഫണ്ട് എസ്.സി.പി. - 2,90,000/- (ബിൽ നം. 4 തീയതി 19.01.22) |

ഹെഡ് മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ മെറിട്ടോറിയസ് സ്കോളർഷിപ്പ് എന്ന പ്രോജക്ട് പ്രകാരം വിവിധ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന കോഴ്സുകൾക്ക് അനുസൃതമായി ധനസഹായം നൽകിയിട്ടുണ്ട്. ഈ പ്രോജക്ട് പ്രകാരം യൂനസ് കോളേജ് ഓഫ് പോളിടെക്നികിൽ പോളിടെക്നിക് പഠിക്കുന്ന രാഹുൽ രാജ്, രാഹുൽ നിവാസ്, ക്ലാപ്പന എന്ന വിദ്യാർത്ഥിയ്ക്ക് 20,000/-രൂപ സ്കോളർഷിപ്പ് നൽകി. എന്നാൽ അസി. സെക്രട്ടറി നടപ്പിലാക്കിയ എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (63/23) എന്ന പ്രോജക്ട് (ബിൽ നം. 20/22-23 തീയതി. 21.12.22, 85,000/-) പ്രകാരവും പ്രസ്തുത വിദ്യാർത്ഥിക്ക് 20,000/-രൂപ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ രണ്ടുതവണ 20,000/-രൂപ ക്രഡിറ്റ് ആയത് ബോധ്യപ്പെട്ടു. രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർക്കും അപേക്ഷയും സ്ഥാപനമേധാവിയുടെ സർട്ടിഫിക്കറ്റും പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രവും നൽകിയിട്ടുണ്ട്. ഒരു വിദ്യാർത്ഥിയ്ക്ക് തന്നെ രണ്ടാമതും ധനസഹായം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് വിദ്യാർത്ഥിയ്ക്ക് സ്കോളർഷിപ്പ് അനുവദിച്ചത് മറ്റ് ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് എന്ന് മറുപടി ലഭ്യമാക്കി. രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ ഒരേ പ്രോജക്ട് നടപ്പാക്കിയത് മൂലമാണ് ഇത്തരത്തിൽ അപാകതയുണ്ടായത്. കൂടാതെ എസ്.സി.പി ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളുടെ നിർവ്വഹണം അസി.സെക്രട്ടറി മുഖേന നൽകുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. സ്കോളർഷിപ്പ് നൽകിയതിൽ ഇരട്ടിപ്പ് വന്നതിനാൽ രണ്ടാമത് നൽകിയ 20,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . 17/28.10.23

നിരാകരിക്കുന്ന തുക - 20,000/-രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 25.10.23 - 26.10.23 | കെ.എസ്.എ.കെ.എൽ.എം.പി.8/1856/23 തീയതി -16.11.2023 |

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 10,00,000/- | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) (37/23) | 10,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 5,00,000/- | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) (90/23) | 5,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,62,200/- | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് (89/23) | 3,62,200/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,41,074/- | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി (20/23) | 2,41,074/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 25,00,000/- | കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന വികസനത്തിന് വസ്തു വാങ്ങൽ (67/23) | 25,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 13,20,000/- | ലൈഫ് ഭവന പദ്ധതി ജനറൽ (83/23) | 13,20,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,60,000/- | ലൈഫ് ഭവന പദ്ധതി ജനറൽ (36/23) | 1,60,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 4,00,000/- | ലൈഫ് ഭൂരഹിതർക്ക് വസ്തു വാങ്ങൽ (86/23) | 4,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 4,15,018/- | പാലിന് സബ്സിഡി (123/23) | 4,15,018/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 50,000/- | അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ (151/23) | 50,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 9,20,000/- | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) (37/23) | 9,20,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 4,90,000/- | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) (90/23) | 4,90,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,20,000/- | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് (89/23) | 1,20,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,17,035/- | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി എസ്.സി.പി.(20/23) | 2,17,035/- | 0 |
| ജില്ലാ | 2022-23 | 1,00,000/- | അങ്കണവാടി അനുപൂരക | 1,00,000/- | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | പോഷകാഹാര വിതരണ പദ്ധതി എസ്.സി.പി.(21/23) | | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 30,00,000/- | കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന വികസനത്തിന് വസ്തു വാങ്ങൽ (67/23) | 30,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 21,20,000/- | ലൈഫ് ഭവന പദ്ധതി ജനറൽ (83/23) | 21,20,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 72,771/- | പാലിന് സബ്സിഡി (123/23) | 72,771/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 55,086/- | പാലിന് സബ്സിഡി എസ്.സി. (136/23) | 55,086/- | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക(രൂപ) | ബിൽ ബുക്ക് നമ്പർ/ട്രഷറി വൌച്ചർ നമ്പർ |
|---|---|---|---|
| മൈനർ ഇറിഗേഷൻ ഡിവിഷൻ, കൊല്ലം | ജലാശയങ്ങളിൽ ചെക്ക് ഡാം നിർമ്മാണവും മെയിന്റനൻസും, 13/23 | 20,66,500/-<br>9,33,500/- | XVFC/22 /23/P/32<br>XVFC/22 /23/P/30 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 129/23 | 70,000/- | 8904, 08.12.22 |
| കെ.ഡബ്ല്യ.എ | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ 7/23 ൽ ഉൾപ്പെടുത്തി പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനായി | 3,96,000/- | ബിൽ നം - 45/27.07.22 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹1,11,40,000/- വരവുണ്ട്. മുൻബാക്കി ₹7,40,000/-അടക്കമുള്ള ആകെ ₹1,18,80,000/- ൽ ₹46,00,000/- വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | | 1,11,40,000/- | 1,70,72,930/- | 27,48,280/- | | 2,54,64,650/- |

| | | | | | | |
|---|---|---|---|---|---|---|
| ഭവന പദ്ധതി | | | | | | |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,820/-രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2020-21 | 1-13 | 1,300/- | ബിസ്മി കാറ്ററിംഗ് സർവ്വീസ് | 1220101303/24.08.22 |
| 1999-2000 | 23 A | 520/- | ചെല്ലമ്മ, മുൻ സെക്രട്ടറി | 1220102615/08.12.22 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2017-18 | 2 | 2017-18 | 2 | തനത് ഫണ്ടിനായി ഒന്നിലധികം അക്കൗണ്ടുകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക :

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക :

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 20,000/- | ശ്രീമതി രശ്മി രവീന്ദ്രൻ, ഹെഡ്മിസ്ട്രസ്സ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 3,29,651/- | ഡോ. രജിത, വെറ്ററിനറി ഡിസ്പൻസറി, ക്ലാപ്പന |
| 1-16 | 30,00,000/- | ശ്രീമതി. താര. ആർ, സെക്രട്ടറി |

| | | |
|---|---|---|
| 1-17 | 1,56,000/- | ശ്രീമതി അജ്മി, കൃഷിഓഫീസർ |
| 1-20 | 1,93,327/- | ഡോ.ശ്രീന എസ്.നായർ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-23 | 22,848/- | ശ്രീമതി. താര. ആർ, സെക്രട്ടറി |
| 1-30 | 1,65,000/- | ശ്രീമതി രശ്മി രവീന്ദ്രൻ, ഹെഡ്മിസ്ട്രസ്സ് |
| 1-32 | 96,064/- | ഡോ.ജ്യോതിലക്ഷ്മി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 39,62,890/- | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. താര. ആർ, സെക്രട്ടറി | സെക്രട്ടറി, ക്ലാപ്പന ഗ്രാമപ്പഞ്ചായത്ത് | പുളിക്കൽ, വലിയകുളങ്ങര, ഓച്ചിറ |
| ഡോ. രജിത ആർ., വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ക്ലാപ്പന ഗ്രാമപ്പഞ്ചായത്ത് | വടക്കേപ്പുറത്ത്, മരു തെക്ക്, ആലുംകടവ് പി.ഒ. |
| ശ്രീമതി അജ്മി, കൃഷിഓഫീസർ, | കൃഷിഓഫീസർ, ക്ലാപ്പന ഗ്രാമപ്പഞ്ചായത്ത് | ബൈത്തുൽ നൂറുൽ, പട. തെക്ക്, കരുനാഗപ്പള്ളി പി.ഒ. |
| ശ്രീമതി രശ്മി രവീന്ദ്രൻ, ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്, ഗവ. എൽ.പി.എസ്. വരവിള | കൈലാസം, മരു. തെക്ക്, ആലും കടവ് പി.ഒ., കരുനാഗപ്പള്ളി |
| ഡോ.ശ്രീന എസ്.നായർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | അനശ്വര, കക്കാക്കുന്ന്, കുമരൻചിറ |
| ഡോ.ജ്യോതിലക്ഷ്മി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | നാരായണം, വവ്വാക്കാവ്, കരുനാഗപ്പള്ളി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 4 |
| 1998-99 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 3 |

| | | |
|---|---|---|
| 1999-2000 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 3 |
| 2000-01 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 7 |
| 2002-03 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 3 |
| 2003-04 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 2 |
| 2004-05 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 3 |
| 2005-06 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 3 |
| 2006-07 | കെ.എസ്.എ-കെ.എൽ.എം-പി8/727(1)/18 തീയതി-29.05.19 | 2 |
| 2008-09 | കെ.എസ്.എ-കെ.എൽ.എം-പി8/727(3)/18 29.05.19 | 1 |
| 2009-10 | കെ.എസ്.എ-കെ.എൽ.എം-പി8/727(4)/18 തീയതി-29.05.19 | 2 |
| 2012-13 | കെ.എസ്.എ-കെ.എൽ.എം-പി8-1046/22 തീയതി-22.08.22 | 3 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.എൽ.എം-പി8-1046/22 തീയതി-22.08.22 | 9 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി8-1046/22 തീയതി-22.08.22 | 9 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി2/1751/17 തീയതി-9.4.18 | 13 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി8/1485/18 തീയതി-9.5.19 | 19 |
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി8/455/20 തീയതി-3.6.20 | 25 |
| 2019-20 | കെ.എസ്.എ-കെ.എൽ.എം-പി8/844/2021 04.07.21 | 31 |
| 2020-21 | കെ.എസ്.എ-കെ.എൽ.എം-പി8/1838/21 തീയതി – 16.07.22 | 21 |
| 2021-22 | കെ.എസ്.എ-കെ.എൽ.എം-പി8/2318/22 തീയ്യതി: 29/03/2023 | 19 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 06-07-2023 and submitted on 10-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Clappana Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Clappana Grama Panchayat for the year 2022-2023

Date: 16/11/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Clappana Grama Panchayat for the Year 2022-2023 .

**1.Major Observations**

nil

**2.Other Observations**

1) The following mandatory financial statements prescribed in accounting rules are not submitted for audit

Ratios, Secretary`s notes on accounts

2) Cashflow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) Demand register does not match with Financial statements.

(i) Property tax

4) The following registers are not maintained/does not match with accounts/not reliable for audit

Advance register (Asset)

5) Lapses in making timely and accurate demand entries in respect of tax and non tax revenue.

6) Lack of authenticated journal vouchers for supporting the adjustment entries recorded.

7) The ledger accounts are not periodically reconciled.

8) Monthly Reconciliation statements not prepared.

10) Cheque deposited not credited in SBI e-payment account.

11) Payment voucher misclassification

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.